## 2

# കൊലൊസ്യർക്കുവേണ്ടിയുള്ള പൗലൊസിന്റെ സ്തോത്രം

## കൊലൊസ്യർ 1:3- 8

വന്ദനം പറഞ്ഞ ശേഷം, പൗലൊസ് അവരുടെ വിശ്വാസത്തിനും, സ്നേഹത്തിനും, പ്രത്യാശക്കും പ്രാർത്ഥനയിൽ ദൈവത്തിനു നന്ദി ചെലുത്തിയിരിക്കുന്നു. സുവിശേഷ സത്യം പഠിച്ച ശേഷം അവർ യേശുവിനു വേണ്ടി ഫലം പുറപ്പെടുവിച്ചുകൊണ്ടിരുന്നു. പൗലൊസ് ക്രിസ്തുവിനുവേണ്ടിയുള്ള തന്റെ സഹപ്രവർത്തകനായ എപ്പഫ്രാസ് അവരെ പഠിപ്പിച്ചതായും അവരുടെ സ്നേഹത്തേയും സേവനത്തേയും കുറിച്ച് പറഞ്ഞതായും പൗലൊസ് പറഞ്ഞിരിക്കുന്നു.

എന്തെല്ലാം കാര്യങ്ങൾക്ക് വേണ്ടിയാണ് പൗലൊസ് നന്ദി ചെലുത്തുന്നത് എന്ന് വാക്യം 4 മുതൽ 8 വരെ വിശദമാക്കിയിരിക്കുന്നു. അവൻ തന്റെ ലേഖനങ്ങളിൽ, വന്ദനത്തോടെ ആരംഭിച്ച് സ്തുതിയും സ്തോത്രവും പറഞ്ഞ്, അവരുടെ ഗുണങ്ങൾക്ക് അല്ലെങ്കിൽ പ്രവൃത്തികൾക്ക് അനുമോദിക്കയും ചെയ്യുന്നു. അവയിൽ വായനക്കാരെ, തിരുത്തുന്നതും, ശാസനയും, നിർദ്ദേശങ്ങളും ആത്മികവർദ്ധന നടത്തുന്നതും ഉൾപ്പെടുത്തിയിരിക്കുന്നു.

### സ്തോത്രത്തോടെയുള്ള പ്രാർത്ഥന (1:3)

**[3]എപ്പോഴും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവത്തിന്നു സ്തോത്രം ചെയ്യുന്നു.**

**"ദൈവത്തിന്നു സ്തോത്രം ചെയ്യുന്നു" (1:3)**

മറ്റു ലേഖനങ്ങളിലും പൗലൊസ് ഉപയോഗിച്ച "ഞങ്ങൾ" എന്നത് ഒന്നുകിൽ പൗലൊസും തിമൊഥെയൊസും അല്ലെങ്കിൽ പ്രസാധക ശൈലിയായിട്ടാണെന്നു പറയാം (1 കൊ. 2:6, 7; 2 കൊ. 4:1, 2). ലേഖനത്തിൽ പറയുന്ന "ഞാൻ" എന്നത് കൊലൊസ്യലേഖനം സംയോജിപ്പിച്ചത് പൗലൊസാണ് അല്ലാതെ തിമൊഥെയൊസ് അല്ല എന്നതാണ് സൂചിപ്പിക്കുന്നത് (ഉദാഹരണമായി കൊലൊ. 1:23, 24, 25, 29; 2:1, 5). "പൗലൊസായ എന്റെ സ്വന്ത കയ്യാലെ വന്ദനം!" എന്ന അവന്റെ പ്രസ്താവന (കൊലൊ. 4:18) ഉറപ്പിക്കുന്നത് അവൻ തന്നേയാണ് ലേഖനം എഴുതിയത് എന്നാണ്.

കൊലൊസ്യർക്ക് വേണ്ടിയുള്ള പൗലൊസിന്റെ പ്രാർത്ഥന വെറും അനുഗ്രഹങ്ങളും ആവശ്യങ്ങളും യാചിച്ചുകൊണ്ടുള്ള ഒന്നായിരുന്നില്ല. അവന്റെ പ്രാർത്ഥനയിൽ നന്ദിയും സ്തോത്രവും കൂടെ ഉൾപ്പെട്ടിരുന്നു.

**സ്തോത്രം** (*എയുക്കാരിസ്റ്റെയോ*) തന്റെ നാല് ലേഖനങ്ങളിലെയും വായനക്കാരെ കരുതിയുള്ളതായിരുന്നു (ഗലാത്യർ, 2 കൊരിന്ത്യർ, 1 തിമൊഥെയൊസ്, തിത്തൊസ്).[1] അത്തരം ബന്ധത്തിന്റെ ഊഷ്മളത വിചാരിച്ചപ്പോഴാണ് പൗ

ലൊസിന് നന്ദി ചെലുത്തുവാൻ കഴിഞ്ഞത്. അവരെ ഓർത്ത് ദൈവത്തോട് പ്രാർത്ഥിക്കുമ്പോൾ, നന്ദിയോടുകൂടി മാത്രമെ പൗലൊസിനും തിമൊഥെയൊസിനും സ്മരിക്കുവാൻ കഴിയുന്നുള്ളു എന്നു കൊലൊസ്യർ അറിയുവാൻ അവൻ ആഗ്രഹിച്ചു (കൊലൊ. 1:7, 8). തന്റെ സഹ ക്രിസ്ത്യാനികൾക്ക് നേരിടുന്ന സന്തോഷത്തിലും ദുഃഖത്തിലും പങ്കു ചേരുന്നത് അവന് ക്രിസ്തുവിനോടുള്ള സമർപ്പണസേവനമാണ് കാണിക്കുന്നത് (2 കൊ. 7:7, 8; 1 തെസ്സ. 3:9). അവന്റെ സ്തോത്ര മനോഭാവം അവൻ **ദൈവത്തോട്** ശരിയായി പ്രകടിപ്പിച്ചു, കാരണം അവനാണ് എല്ലാ ആത്മികാനുഗ്രഹങ്ങളുടേയും ഉറവിടം (എഫെ. 1:3), കൊലൊസ്യരെ അനുഗ്രഹിച്ചതും അവനാണ്.

**''നമ്മുടെ കർത്താവായ യേശുവിന്റെ പിതാവ്" (1:3)**

യേശുവിന് ദൈവത്തോടുള്ള ബന്ധത്തെ സൂചിപ്പിച്ചുകൊണ്ടാണ് പൗലൊസ് "പിതാവ്" എന്ന വാക്ക് ഉപയോഗിച്ചത് (റോമ. 15:6; 2 കൊ. 1:3; 11:31). യേശു ദൈവത്തെ "എന്റെ പിതാവ്" എന്നാണ് വിളിച്ചത് (ഉദാഹരണത്തിന് നോക്കുക മത്താ. 7:21; 10:32. 33; ലൂക്കൊ. 10:22; 24:49). "എന്റെ ദൈവവും" "എന്റെ പിതാവും" ആയവന്റെ അടുക്കലേക്ക് പോകുന്നു എന്നാണ് യേശു മഗ്ദലക്കാരത്തി മറിയയോട് പറഞ്ഞത് (യോഹ. 20:17).

**നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവ്** എന്നു പറഞ്ഞിരിക്കുന്നത് ജീവശാസ്ത്രപരമായ അർത്ഥത്തിൽ എടുക്കരുത്. യേശു പിതാവിനാൽ ജനിച്ച പുത്രനായി കാണരുത് എന്നർത്ഥം. പഴയനിയമത്തിൽ ദൈവത്തെ "പിതാവ്" എന്നു സംബോധന ചെയ്തതിനെയാണ് പൗലൊസ് ഇവിടെ അർത്ഥമാക്കിയത്. ദൈവം പറഞ്ഞു, "ഞാൻ നിങ്ങൾക്ക് പിതാവും, നിങ്ങൾ എനിക്ക് പുത്രന്മാരും പുത്രിമാരും ആയിരിക്കും" (2 കൊ. 6:18; 2 ശമു. 7:14; 1 ദിന. 17:13). സങ്കീർത്തനങ്ങൾ 2:7 ഉദ്ധരിച്ച് ആ ചിന്ത യേശുവിനെ ഉപയോഗിച്ച് എബ്രായർ 1:5 ൽ പറഞ്ഞിരിക്കുന്നു.

"നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവ്" എന്നു പറഞ്ഞത് ആരംഭത്തെയല്ല, മറിച്ച് ബന്ധത്തെയാണ് കാണിക്കുന്നത്. ഒരർത്ഥത്തിൽ യേശുവിന്റെ ഭൗതിക ശരീരം, മറിയയുടെ ഉദരത്തിൽ പ്രജയായത് പരിശുദ്ധാത്മാവിനാലായിരുന്നതുകൊണ്ട് യേശു ദൈവപുത്രനാണ് (മത്താ. 1:18; ലൂക്കൊ. 1:35, 36). അങ്ങനെയാണ് അവന്റെ ഭൗതിക ജനനം സാധ്യമായത്. എങ്ങനെയായാലും, അവൻ തന്റെ ജനനത്തിനു മുൻപ് ഉണ്ടായിരുന്നു. അവൻ ആരംഭത്തിൽ പിതാവിനോടുകൂടെ ആയിരുന്നു (യോഹ. 1:1), ലോകസൃഷ്ടിക്കുമുൻപ് അവൻ ദൈവത്തോടുകൂടെയായിരുന്നു (യോഹ. 17:5). സകലവും അവൻ മുഖാന്തരമാണ് സൃഷ്ടിച്ചത് (യോഹ. 1:3, 10; കൊലൊ. 1:16). നിത്യനായ, ദൈവം ആയ, ആത്മ സ്വഭാവമുള്ള യേശു, ദൈവേഷ്ടത്താൽ ഉത്ഭവിച്ചു വരും എന്നു പ്രവചിച്ചിരുന്നു (മീഖാ. 5:2).

പിതാവിനോടുള്ള ബന്ധത്തിലാണ് യേശുവിനെ "ദൈവപുത്രൻ" എന്നു വിളിച്ചത്. അത്തരം വാക്ക് വെളിപ്പെടുത്തുന്നത് പിതാവും യേശുവും തമ്മിലുള്ള അഭേദ്യമായ മനസലിവും സ്നേഹവുമുള്ള ബന്ധത്തെയാണ് (യോഹ. 15:9). "പിതാവിന്റെ മടിയിൽ ഇരിക്കുന്ന ഏകജാതനായ പുത്രൻ" എന്ന വാക്കുകളിൽ ആ ആശയം അടങ്ങിയിരിക്കുന്നു (യോഹ. 1:18).

"യേശുക്രിസ്തുവിന്റെ പിതാവ്" എന്നു പറഞ്ഞിരിക്കുന്നതിനാൽ, പിതാവും, പുത്രനും രണ്ടു വ്യക്തികളാണെന്ന് തെളിയിക്കുന്നു. ദൈവവും പു

ത്രനായ യേശുവും ഒന്നു തന്നെയാണ് (യോഹ. 10:30), അതേ സമയം അവർ ഒന്നല്ല താനും. പുത്രൻ ന്യായം വിധിക്കും, പക്ഷെ പിതാവ് ആരെയും ന്യായം വിധിക്കുകയില്ല (യോഹ. 5:22). യേശു മടങ്ങി വരുന്നത് എപ്പോഴാണെന്ന് പിതാവിന് അറിയാം, പക്ഷെ പുത്രന് അറിയില്ല (മർ. 13:32). ഇപ്പോൾ-പിതാവ് ഒഴിച്ച്-സകലവും യേശുവിനു കീഴ്പ്പെട്ടിരിക്കുന്നു, അവനു കീഴ്പ്പെടുത്തിയിരിക്കുകയാണ് (1 കൊ. 15:27, 28).

പിതാവും പുത്രനും ആത്മാവായി നിലനിൽക്കുന്നതിനാൽ ഏകത്വമുള്ളവരാണ്. ഭൗതികമായവക്ക് അക്ഷരികമായി ഒന്നാകുവാൻ സാധ്യമല്ല, കാരണം ഭൗതിക ശരീരങ്ങളെല്ലാം വേറിട്ടാണ് നിലകൊള്ളുന്നത്. ആത്മിയ വ്യക്തിത്വങ്ങളെ രൂപപ്പെടുത്തിയത് മനുഷ്യർക്ക് അറിയായ്കയാൽ, രണ്ടായിരിക്കുമ്പോൾ ഒന്നാകുന്നതെങ്ങനെ എന്നു മനസിലാക്കുവാൻ നമുക്ക് കഴിയുകയില്ല. ഭൗതിക വ്യക്തിയായ ഒരാൾക്ക് മറ്റൊരാളിൽ വസിക്കുവാൻ സാധ്യമല്ലെങ്കിലും, യേശു പിതാവിലും, പിതാവ് യേശുവിലും വസിക്കുന്നു: "പിതാവ് എന്നിലും, ഞാൻ പിതാവിലും" (യോഹ. 10:38). "ഞാൻ പിതാവിലും പിതാവ് എന്നിലും ആകുന്നു" (യോഹ. 14:10, 11, 20). അവർക്ക് ഒന്നായിരിപ്പാനും (യോഹ. 10:30), അതേ സമയത്ത് രണ്ടായിരിപ്പാനും കഴിയും (യോഹ. 8:17, 18) കാരണം അവർ ഭൗതികരല്ല, ആത്മികരാണ്.

"പിതാവിൽ" എന്നത് ബഹുമാനത്തെയും അനുസരിക്കുവാനുള്ള ഒരുക്കത്തെയുമാണ് കാണിക്കുന്നത് (എബ്രാ. 5:8; ഫിലി. 2:8). ഒരു പക്വതയുള്ള മകനും അപ്പനും തമ്മിലുള്ള തുല്യമായ ബന്ധത്തെ അത് വ്യക്തമാക്കുന്നു. ക്രിസ്തു തന്റെ ദൈവത്തോടുള്ള തുല്യത സ്വർഗത്തിൽ ഉപേക്ഷിച്ചിട്ടാണ് ഭൂമിയിലേക്ക് മനുഷ്യരെ സേവിപ്പാൻ മനുഷ്യവേഷത്തിൽ വന്നത് (ഫിലി. 2:6, 7).

പുത്രന് പിതാവിന്റെ സ്വഭാവം ഉണ്ടായിരിക്കും. പിതാവ് ദൈവം ആണെങ്കിൽ, പുത്രനും അതിനു സമമായി ദൈവം ആയിരിക്കും. ദൈവത്തെ യേശു പിതാവ് എന്നു പറഞ്ഞതു നിമിത്തമായിരുന്നു യെഹൂദന്മാർ യേശുവിനെ ഉപദ്രവിച്ചത്. അവൻ ദൈവത്തെ പിതാവ് എന്നു വിളിച്ചതിനാൽ, "അവൻ തന്നെ ദൈവത്തോട് സമനാക്കി" എന്നായിരുന്നു അവർ ധരിച്ചത് (യോഹ. 5:18).

"നമ്മുടെ കർത്താവ്" എന്നു പറയുന്നതിനാൽ ക്രിസ്തു നമ്മുടെ മാത്രം കർത്താവല്ല-അതായത് ക്രിസ്തു ക്രിസ്ത്യാനികളുടെ മാത്രം കർത്താവല്ല എന്നർത്ഥം. അവൻ സ്വർഗത്തിനും ഭൂമിക്കും കർത്താവാണ് (മത്താ. 28:18). എങ്ങനെയായാലും, കൂടുതൽ നിയന്ത്രിതമായ അർത്ഥത്തിൽ, മറ്റാരെയും കർത്താവായി സ്വീകരിക്കാതെ, ക്രിസ്തുവിനെ മാത്രം കർത്താവായി അവനെ അനുസരിച്ചു സേവിക്കുന്ന ക്രിസ്ത്യാനികളുടെ കർത്താവാണ് അവൻ. അവൻ അവരുടെ ഏക കർത്താവാണ് (1 കൊ. 8:6). പരിശീലനത്തിൽ, എല്ലായ്പോഴും അങ്ങനെ ആയിരിക്കണമെന്നില്ല; പക്ഷെ ഉദ്ദേശത്തിൽ, അതാണ് അവരുടെ ലക്ഷ്യം. അവന്റെ അനുയായികളാകാത്തവർ അവനെ ബഹുമാനിക്കുകയോ, അവരുടെ ജീവിതത്തിന്റെ കർത്താവായി അവനെ സ്വീകരിക്കുകയോ ചെയ്യുന്നില്ല.

"കർത്താവ്" (*കൂറിയോസ്*), അർത്ഥം ഉയർന്നവൻ, വാഴുന്നവൻ, പരമോന്നതൻ എന്നാണ്. **അഗ്രിപ്പാ രാജാവ്** ഇത്തരത്തിലാണ് പ്രവൃത്തികൾ 25:26 ൽ പറഞ്ഞത്. ചില സാഹചര്യങ്ങളിൽ, "കർത്താവ്" എന്ന പ്രയോഗം ബഹുമാന സൂചകമായി ഉപയോഗിച്ചിട്ടുണ്ട്; ഉദാഹരണത്തിന്, ഒരു ദാസനും യജമാനനും തമ്മിലുള്ള ബന്ധത്തെ സൂചിപ്പിച്ചും പറഞ്ഞിട്ടുണ്ട് (മത്താ. 18:25-34). പു

തിയ നിയമത്തിൽ ആ വാക്ക് അടിക്കടി, പിതാവായ ദൈവത്തെ ഉദ്ദേശി ച്ചാണ് ഉപയോഗിച്ചിരിക്കുന്നത് (മത്താ. 11:25), എന്നാൽ പലപ്പോഴും പുത്രനാ യ ദൈവത്തെ ഉദ്ദേശിച്ചാണ് പറഞ്ഞിരിക്കുന്നത് (യോഹ. 13:14; 1 കൊ. 8:6).

**"നിങ്ങൾക്കു വേണ്ടി എപ്പോഴും പ്രാർത്ഥിക്കുന്നു" (1:3)**

പൗലൊസ് തുടർച്ചയായി പ്രാർത്ഥിക്കുക മാത്രമല്ല, മറ്റുള്ളവരോടും എപ്പോഴും പ്രാർത്ഥിപ്പാൻ അവൻ പ്രോൽസാഹിപ്പിച്ചിരുന്നു (1 തെസ്സ. 5:17). **എല്ലായ്പോഴും പ്രാർത്ഥിപ്പിൻ** അല്ലെങ്കിൽ "ഇടവിടാതെ പ്രാർത്ഥിപ്പിൻ" എന്നു പൗലൊസ് പറയുന്നത് "ഒരിക്കലും നിർത്താതെ പ്രാർത്ഥിച്ചുകൊണ്ടേി രിക്കുക" എന്ന അർത്ഥത്തിലല്ല, പിന്നെയോ "ദിവസേന പ്രാർത്ഥിക്കണം" എന്ന അർത്ഥത്തിലാണ്.

പ്രവൃത്തികളുടെ പുസ്തകത്തിൽ, പൗലൊസ് പ്രാർത്ഥനക്ക് വലിയ പ്രാ ധാന്യം കൊടുത്തിരിക്കുന്നതായി കാണാം. അവൻ യേശുവിനെ കണ്ടതി നുശേഷം പ്രാർത്ഥിക്കുന്നതായി നാം വായിക്കുന്നു (9:11), മൂപ്പന്മാരെ നി യമിക്കുന്നതിനു മുൻപും പ്രാർത്ഥിച്ചു (14:23) ഫിലിപ്പിയയിൽ തടവിലായിരു ന്നപ്പോഴും അവൻ പ്രാർത്ഥിച്ചു. സഹോദരന്മാരെ വിട്ടുപോയപ്പോഴും അവൻ പ്രാർത്ഥിച്ചു (20:36; 21:5). ദൈവാലയത്തിൽ വെച്ച് അവൻ പ്രാർത്ഥിച്ചു (22:17), പുബ്ലിയോസിന്റെ അപ്പനെ സൗഖ്യമാക്കുന്നതിനു മുൻപും പ്രാർത്ഥിച്ചു (28:8). അവൻ ക്രിസ്ത്യാനികൾക്ക് വേണ്ടി മാത്രമല്ല, അ-ക്രൈസ്തവർക്കു[2] വേണ്ടി യും പ്രാർത്ഥിച്ചിരുന്നു.

അവർക്ക് വേണ്ടി പൗലൊസ് പ്രാർത്ഥിച്ചതായി അറിഞ്ഞപ്പോൾ അത് കൊലൊസ്യർക്ക് വലിയ ഉത്തേജനമായി തീർന്നിരിക്കണം. പൗലൊസിന്റെ മാതൃക പിൻപറ്റി, ക്രിസ്തുവിലുള്ളവർക്ക് പ്രത്യേകമായി ക്രിസ്ത്യാനികൾ സ്തോത്രത്തോടെ പ്രാർത്ഥിച്ചുകൊണ്ടിരിക്കണം.

## അവരുടെ വിശ്വാസവും സ്നേഹവും (1:4)

**4ക്രിസ്തുയേശുവിൽ നിങ്ങളുടെ വിശ്വാസത്തെയും സകല വിശുദ്ധന്മാ രോടും നിങ്ങൾക്കുള്ള സ്നേഹത്തെയും കുറിച്ച് ഞങ്ങൾ കേട്ടിട്ട്.**

**"ക്രിസ്തുയേശുവിൽ നിങ്ങളുടെ വിശ്വാസത്തെ കേട്ടിട്ട്" (1:4)**

**കേട്ടിട്ട്** എന്ന ക്രിയാരൂപം (*അകൗസാന്റസ്*) പുതിയനിയമത്തിൽ അടിക്ക ടി കാണാം. അത് ഗ്രീക്ക് വ്യാകരണത്തിൽ, വാക്യം 3 ലെ "ഞങ്ങൾ സ്തോത്രം ചെയ്യുന്നു" എന്ന ക്രിയക്ക് കീഴിൽ വരുന്നതാണ്.[3] നന്ദി ചെലുത്തുന്നതിനു മുൻപ് സംഭവിച്ചതാണ് "കേട്ടിട്ട്" എന്നത്. അതേ ഗ്രീക്ക് ഘടന മർക്കൊസ് 16:16 ലും കാണാം. അവിടെ, "വിശ്വസിക്കയും," "സ്നാനമേൽക്കുകയും" എന്നാണ് ക്രിയാ ബന്ധത്തിൽ ഉപയോഗിച്ചിരിക്കുന്നത്, അർത്ഥം മുഖ്യ ക്രിയയായ "രക്ഷിക്കപ്പെടും" എന്നതിനു മുൻപ് സംഭവിക്കേണ്ടതാണ് വിശ്വ സിക്കയും സ്നാനമേൽക്കുകയും ചെയ്യൽ.

എപ്പഫ്രാസിൽനിന്നും, ചിലപ്പോൾ മറ്റുള്ളവരിൽനിന്നും ലഭിച്ച വിവ രങ്ങളുടെ അടിസ്ഥാനത്തിലാണ് പൗലൊസിനും തിമൊഥെയൊസിനും കൊലൊസ്യരുടെ ജീവിതത്തെ കുറിച്ചു മനസിലായത്. വിവിധ സഭകളിൽനി ന്നു പൗലൊസിനു ലഭിച്ച വിവരങ്ങളിൽ, നല്ല സ്വഭാവം, മോശമായ പെരുമാ

റ്റം, ഇടവകകളുടെ പ്രശ്നങ്ങൾ, ദുരുപദേശം എന്നിവ ഉൾപ്പെട്ടിരുന്നു. ലഭിച്ച ഉറവിടത്തെ കുറിച്ചും ചിലപ്പോൾ പൗലൊസ് വ്യക്തമാക്കിയിരുന്നു, ഉദാഹരണമായി, കൊരിന്ത്യരെ കുറിച്ചുള്ള വിവരം ക്ലോവയുടെ ആളുകളിൽനിന്നാണ് ലഭിച്ചത് (1 കൊ. 1:11). ഇടവകക്കുള്ളിലുള്ള അവസ്ഥയെ കുറിച്ച് പരിശുദ്ധാത്മാവും അവനു വെളിപ്പെടുത്തി കൊടുത്തിരുന്നു (1 കൊ. 5:3; കൊലൊ. 2:5). മറ്റു സമയങ്ങളിൽ, അവൻ എവിടെനിന്നാണ് എന്നു പറയാതെ, വിവരം ലഭിച്ചു എന്നു മാത്രമാണ് പറഞ്ഞത് (1 കൊ. 5:1; 1 തെസ്സ. 1:9).

സഭയിലെ പ്രശ്നങ്ങൾ കേട്ട് പൗലൊസ് പൊതുവായി അതിനോട് പ്രതികരിക്കുന്നുണ്ട്. ഫിലിപ്പിയ സഭയിൽ, ഏക ചിന്തയോടിരിക്കാത്ത യുവൊദ്യയെയും സുന്തുകയെയും പേരെടുത്തു പറഞ്ഞിരിക്കുന്നു–അത് തിരുത്തേണ്ട പ്രശ്നമായിരുന്നു (ഫിലി. 4:2). 2 തിമൊഥെയൊസ് 2:16–18 ൽ, ഹുമനെയോസും ഫിലെത്തൊസും അഭക്തിയിൽ മുതിർന്നു വരാതിരിക്കുവാൻ മുന്നറിയിച്ചിരിക്കുന്നു. ദേമാസ് ലോകത്തെ സ്നേഹിച്ച് അവനെ വിട്ടുപോയി 2 തിമൊഥെയൊസ് 4:10 ൽ പറഞ്ഞിരിക്കുന്നു. രണ്ട് സ്ത്രീകൾ തമ്മിലുള്ള അഭിപ്രായ വ്യത്യാസങ്ങൾ പരിഹരിക്കുന്നതിനും, രണ്ട് ദുരുപദേഷ്ടാക്കന്മാരുടെ പ്രശ്നങ്ങൾ, വിശ്വാസം വിട്ടുപോയ സഹോദരനെ കുറിച്ചുള്ള വിവരം, എന്നിവ അവരെ സഹായിക്കുക എന്നതായിരുന്നു പൗലൊസ് അവ പറയുവാനുള്ള കാരണം.

"അന്യോന്യം ദുഷിക്കരുത്" എന്നു യാക്കൊബ് എഴുതിയിരിക്കുന്നു (യാക്കൊ. 4:11) അല്ലെങ്കിൽ "ഒരുവന്റെ നേരെ ഒരുവൻ ഞരങ്ങി പോകരുത്" (യാക്കൊ. 5:9). ക്രിസ്ത്യാനികൾ തെറ്റായി ജീവിക്കുന്നതും, സഭകൾ ആത്മിയമായി ഒന്നും ചെയ്യാതെ പരദൂഷണം പറയുന്ന വിവരം ലഭിക്കുന്നുണ്ടോ? പരദൂഷണം–മറ്റുള്ളവരുടെ കാര്യങ്ങളിൽ ഇടപെടുന്നത്–നല്ല അഭിപ്രായമല്ല–അത് മറ്റു ദുഷ്പ്രവൃത്തികളുടെ കൂട്ടത്തിൽ വിലക്കിയിരിക്കുന്നതാണ് (റോമ. 1:29; 2 കൊ. 12:20; 1 തിമൊ. 5:13; 2 തിമൊ. 3:3; തിത്തൊ. 2:3). ഒരു സഹോദരന്റെയോ സഹോദരിയുടെയോ പ്രശ്നം പരിഹരിക്കുന്നതിനു സംസാരിക്കുന്നതും പരദൂഷണം പറയുന്നതും വ്യത്യസ്തമാണ്.

കൊലൊസ്യയിലെ സഹോദരങ്ങളെ കുറിച്ച് പൗലൊസിന് ലഭിച്ച വിവരങ്ങൾ നല്ലതായിരുന്നു. അവരുടെ വിശ്വാസത്തെ കുറിച്ച്, അതായത് ക്രിസ്തുവിലുള്ള അംഗങ്ങളായവരുടെ ഭക്തിയെ കുറിച്ച് മറ്റുള്ളവർ പറഞ്ഞുകൊണ്ടിരുന്നു. അവർ, മത്തായി 5:14–ൽ യേശു പറഞ്ഞിരുന്നവരെ പോലെ ആയിരുന്നു: "മലമേൽ ഇരിക്കുന്ന പട്ടണം മറഞ്ഞിരിപ്പാൻ പാടില്ല." മറ്റുള്ളവർ തങ്ങളുടെ വിശ്വാസം കേട്ട് പ്രചോദനം ഉൾക്കൊള്ളണം എന്ന ലക്ഷ്യമായിരിക്കണം എല്ലാ ക്രിസ്ത്യാനികൾക്കും ഉണ്ടാകേണ്ടത്.

വാക്യം 4 ലും 5 ലും, പൗലൊസ് മൂന്ന് ഒന്നാകുന്ന ഒരു കാര്യം പറഞ്ഞിരിക്കുന്നു: "വിശ്വാസം" "സ്നേഹം" "പ്രത്യാശ." പുതിയ നിയമ എഴുത്തുകാർ അവ മൂന്നും പലപ്പോഴും ഒന്നിച്ച് പറഞ്ഞിട്ടുണ്ട്.[4] ജെ. ബി.ലൈറ്റ്ഫുട്ട് പൗലൊസ് പറഞ്ഞതായ ആ മൂന്നു വാക്കുകളും ചുരുക്കി പറഞ്ഞിരിക്കുന്നു:

> ക്രിസ്തുയേശുവിൽ നമുക്ക് ലഭിച്ച *വിശ്വാസത്തി*നായി നാം നന്ദിയുള്ളവരായി ഇരിക്കുകയും, ദൈവജനത്തോടും എല്ലാവരോടും നാം കാണിക്കുന്ന *സ്നേഹവും*, വരുവാനുള്ള ലോകത്തിൽ, സ്വർഗത്തിൽ നിങ്ങൾക്കായി സ്വരൂപിച്ചിരിക്കുന്ന *പ്രത്യാശ* കാത്തുകൊള്ളുകയും വേണം.[5]

ഈ ഭാഗത്തു പറഞ്ഞിരിക്കുന്ന **ക്രിസ്തുയേശുവിലുള്ള വിശ്വാസം** എന്നതിന്റെ അർത്ഥത്തെ സംബന്ധിച്ച് വ്യാഖ്യാതാക്കൾ മല്ലിടാറുണ്ട്. വിവിധ രീതിയിലുള്ള ചിന്തയെ പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക. ഹെർബർട്ട് എം. കർസൺ എഴുതി,

> ഈ സന്ദർഭത്തിൽ, *ക്രിസ്തുയേശുവിലെ* വിശ്വാസം എന്ന പ്രയോഗം ഇവിടെ ക്രിസ്തുവിലാണ് അവരുടെ വിശ്വാസം എന്നത് വാസ്തവമാണെങ്കിലും അതിനല്ല ഊന്നൽ കൊടുക്കുന്നത്, കാരണം അങ്ങനെയായിരുന്നു എങ്കിൽ *എയിസ്* അല്ലെങ്കിൽ *എപി* എന്ന പ്രിപൊസിഷൻ ആവശ്യമായിരുന്നു. മറിച്ച്, അത് പൗലൊസിന്റെ സുപരിചിതമായ പ്രയോഗമാണെന്ന് വാക്യം 2 ൽ നാം കണ്ടുകഴിഞ്ഞു. അവനിൽനിന്നും അവർക്കു ജീവൻ ലഭിച്ചതിനാലാണ് അവർ *ക്രിസ്തുവിൽ* ആയത് ... അങ്ങനെ അവർ പ്രദർശിപ്പിച്ച വിശ്വാസം അവരെ ക്രിസ്തുവിനോട് അടുപ്പിച്ചു. ആ വിശ്വാസം അഭ്യസിച്ചതിനാൽ അവർക്ക് ക്രിസ്തുവിനോട് ഏകീഭവിക്കുവാൻ കഴിഞ്ഞു.[6]

ലൈറ്റ്ഫുട്ട് ഈ തീർപ്പിൽ ഇങ്ങനെ പറഞ്ഞു:

> ഇവിടെ പറഞ്ഞിരിക്കുന്ന *എൻ* എന്ന പ്രിപൊസിഷനും സമാന്തര വേദഭാഗമായ, എഫെ. 1:15 ലും, പറയുന്നത് അവരുടെ വിശ്വാസം ചലിക്കുന്ന പ്രതലത്തെയാണ്, അല്ലാതെ അത് എന്തിൽ കേന്ദ്രീകരിച്ചിരിക്കുന്നു എന്നല്ല (1 കൊ. 3:5 മായി താരതമ്യം ചെയ്യുക); കാരണം, വിശ്വാസം എന്തിലാണെന്നു പറയുന്നതായിരുന്നുവെങ്കിൽ, സ്വാഭാവിക പ്രിപൊസിഷൻ *എപി* അല്ലെങ്കിൽ *എയിസ്* എന്നാകുമായിരുന്നു (ഈ. ജി. 2:5).[7]

എഫ്. എഫ്. ബ്രൂസ് അൽപം വ്യത്യസ്തമായ കാഴ്ച്ചപ്പാടാണ് എടുത്തിരിക്കുന്നത്:

> “ക്രിസ്തുയേശു” എന്നു ഇവിടെ കാണുന്നത് അവരുടെ വിശ്വാസത്തിന്റെ ഓബ്ജക്ട് ആയിട്ടല്ല കാണേണ്ടത്, പിന്നെയോ അവർ ജീവിക്കുന്ന പ്രതലത്തിൽ തങ്ങളുടെ വിശ്വാസം അഭ്യസിക്കുന്നതിനെയാണ് പറയുന്നത്; അത് പറയുന്നത്, അപ്പൊസ്തലൻ പറയുന്ന വിശ്വാസം “ക്രിസ്തുയേശുവിൽ” ആയ സ്ത്രീ പുരുഷന്മാരിൽ കാണുന്ന വിശ്വാസമാണ്.[8]

ഏ. ടി. റോബർട്ട്സൺ മറ്റൊരു കാഴ്ച്ചപ്പാട് വെച്ച് പറഞ്ഞു, “അവരുടെ വിശ്വാസം ക്രിസ്തുയേശുവിന്റെ പ്രതലത്തിൽ വ്യാപരിച്ചു (2 തിമൊ. 1:13). അത് വിശ്വാസത്തിൽനിന്നും ഉപരിയായതാണ്; അത് ക്രിസ്തുവിലുള്ള ആന്തരികമായ ആശ്രയമാണ് ...”[9]

“ക്രിസ്തുയേശുവിൽ” എന്ന പ്രയോഗം സാധാരണ പൗലൊസ് വിവരിക്കുന്നത് ക്രിസ്തുവും ക്രിസ്ത്യാനികളും തമ്മിലുള്ള ബന്ധത്തെയാണ്. അത് ക്രിസ്തുവിനോടുള്ള അവരുടെ കൂട്ടായ്മയും അവൻ അവർക്കു നൽകുന്ന അനുഗ്രഹങ്ങളുമാണ് കാണിക്കുന്നത്. ഇവിടെ അവർക്ക് ക്രിസ്തുവിലുള്ള വിശ്വാസത്തെയായിരിക്കയില്ല പറഞ്ഞത്. മറ്റു വേദഭാഗങ്ങളിൽ അവൻ പ

റഞ്ഞ "ക്രിസ്തുവിന്റെ വിശ്വാസം" എന്ന വ്യാകരണ അർത്ഥത്തിലുമല്ല ഉപയോഗിച്ചിരിക്കുന്നത്. അങ്ങനെ പറയുമ്പോഴാണ് വിശ്വാസം ക്രിസ്തുവിൽ അർപ്പിച്ചിരിക്കുന്ന അർത്ഥം വരുന്നത്. പകരം, കൊലൊസ്യയിലുള്ള ക്രിസ്തുവിലായവർ അവരുടെ വിശ്വാസം അഭ്യസിക്കുന്നതായാണ് വിവരിക്കുന്നത്. ക്രിസ്തുവിലുള്ളവരുടെ ഹൃദയത്തിൽ ജനിക്കുന്നതായ വിശ്വാസമാണ് അവൻ കേട്ടത്. അതിനാണ് അവൻ സ്തോത്രം ചെയ്തത് (വാ. 3).

### "സകല വിശുദ്ധന്മാരോടുമുള്ള നിങ്ങളുടെ സ്നേഹവും" (1:4)

പൗലൊസ് ആദ്യം കൊലൊസ്യരുടെ വിശ്വാസത്തെ കുറിച്ചു പറഞ്ഞു, പിന്നെ അവരുടെ സ്നേഹത്തെ കുറിച്ചു പറഞ്ഞു. വിശ്വാസം എന്ന അടിസ്ഥാനത്തിന്മേലാണ് സകല ക്രിസ്തീയ ഗുണങ്ങളും കൂട്ടി ചേർക്കുന്നത് (2 പത്രൊ. 1:5–7). വാസ്തവത്തിലുള്ള വിശ്വാസം അതേ വിശ്വാസമുള്ളവരെ സ്നേഹിക്കുന്നതിലേക്ക് നയിക്കും. യേശുവിന്റെ ശിഷ്യന്മാരായി ഒറ്റപ്പെട്ടു കഴിയുന്നതിനു പകരം, നമ്മുടെ സഹ ക്രിസ്ത്യാനികളെ സ്നേഹിക്കുവാൻ പ്രേരിപ്പിക്കുന്നതാണ് ആ വിശ്വാസം.

**സ്നേഹം** നിയന്ത്രിക്കുന്നതല്ല; അത് സകല **വിശുദ്ധന്മാരിലേക്കും** വലയം ചെയ്യുന്നതാണ്. അത് സഭയിൽ പ്രത്യേക ഗ്രൂപ്പുണ്ടാക്കുകയില്ല. വർഗം, ദേശിയത, സാമൂഹ്യനിലനിൽപ്, ലിംഗം, വ്യക്തിത്വം എന്നിവക്ക് അതീതമാണ് യേശു നമുക്ക് കാണിച്ചു തന്ന സ്നേഹം. ദൈവത്തിനു ലോകത്തോടുള്ള സ്നേഹം (യോഹ. 3:16) മാനുഷിക പശ്ചാത്തലത്താൽ വേർതിരിക്കുന്നതല്ല. ദൈവം സ്നേഹം ആണ് എന്നതിന്റെ അടിസ്ഥാനത്തിൽ ഒരു വ്യക്തി സ്നേഹിക്കുന്നുവോ എന്നുമല്ല ദൈവം നോക്കുന്നത് (റോമ. 5:7, 8; 1 യോഹ. 4:8). ദൈവം സ്നേഹിച്ചതുപോലെ ക്രിസ്ത്യാനികൾ സ്നേഹിക്കണം. മറ്റുള്ളവർ സ്നേഹിച്ചാലും ഇല്ലെങ്കിലും നാം മറ്റുള്ളവരെ സ്നേഹിക്കണം. ഇത്തരത്തിലുള്ള സ്നേഹത്തിൽകൂടെ നാം വാസ്തവത്തിൽ യേശുവിന്റെ ശിഷ്യന്മാരാണ് അഥവാ ക്രിസ്ത്യാനികളാണ് എന്നു വെളിവാക്കുന്നു (യോഹ. 13:35).

കൊലൊസ്യർക്ക് ക്രിസ്തുവിലുള്ള സ്നേഹത്തിനായിരുന്നു പൗലൊസ് നന്ദി ചെലുത്തിയത്. ഏറ്റവും വലിയ ക്രിസ്തീയ ഗുണമാണ് "സ്നേഹം" (*അഗാപ്പെ*). വിശ്വാസത്തേക്കാളും, പ്രത്യാശയെക്കാളും വലുതാണ് സ്നേഹം (1 കൊ. 13:13). സ്നേഹമാണ് തന്റെ അനുയായികളെ മറ്റുള്ളവരെ തിരിച്ചറിയിക്കുന്നത് എന്നാണ് യേശു പറഞ്ഞത്. എല്ലാറ്റിലുമുപരിയായി ക്രിസ്തീയ ജീവിതത്തിൽ കൂട്ടിച്ചേർക്കേണ്ടതാണ് സ്നേഹം എന്നു പൗലൊസും പത്രൊസും എഴുതിയിരിക്കുന്നു (കൊലൊ. 3:14; 1 പത്രൊ. 4:8). ഒരു കിരീട നേട്ടം പോലെ, ക്രിസ്തീയ വളർച്ചയുടെ ഉയർന്ന തലമായിട്ടാണ് പത്രൊസ് സ്നേഹത്തെ പറയുന്നത് (2 പത്രൊ. 1:7).

"സകല വിശുദ്ധന്മാരും" എന്ന പ്രയോഗത്തിൽ, ലോകം മുഴുവനുമുള്ള "സകല വിശുദ്ധന്മാരെയും" കൊലൊസ്യർ അറിയുകയും സ്നേഹിക്കയും ചെയ്തു എന്നല്ല പൗലൊസ് അർത്ഥമാക്കിയത്. കൊലൊസ്യയിലുള്ള വിശുദ്ധരും വിശ്വസ്തരുമായ സഹോദരന്മാർക്ക് അറിയാവുന്നവരും അവർ കേട്ടിട്ടുള്ളവരുമായ "എല്ലാ" വിശുദ്ധന്മാരും എന്നാണ് അതിൽ അന്തർലീനമാക്കിയിരിക്കുന്നത്. നാം മറ്റു ക്രിസ്ത്യാനികളെ സ്നേഹിക്കുവാൻ അവരെ അറിയുവാനായി കാത്തിരിക്കേണ്ടതില്ല. നാം അവരെ കുറിച്ച് കേട്ട ഉടനെ

അല്ലെങ്കിൽ അവരെ കണ്ട ഉടനെ സ്നേഹിച്ചു തുടങ്ങണം. നാം ദൈവത്തിന്റെ സ്നേഹമാണ് മാതൃകയാക്കേണ്ടത്.

## അവരുടെ സ്വർഗിയ പ്രത്യാശ (1:5)

**[5]സുവിശേഷത്തിന്റെ സത്യ വചനത്തിൽ നിങ്ങൾ മുമ്പു കേട്ടതായി സ്വർഗത്തിൽ നിങ്ങൾക്ക് സംഗ്രഹിച്ചിരിക്കുന്ന പ്രത്യാശ നിമിത്തം.**

### "സ്വർഗത്തിൽ നിങ്ങൾക്ക് സംഗ്രഹിച്ചിരിക്കുന്ന പ്രത്യാശ" (1:5)

**നിമിത്തം** എന്ന വാക്ക് പൗലൊസ് ഉപയോഗിച്ചത് വ്യാഖ്യാതാക്കൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കിയിട്ടുണ്ട്. വിശ്വാസത്തിന്റേയും സ്നേഹത്തിന്റേയും അടിസ്ഥാനം സ്നേഹമാണെന്നു തോന്നുന്നു: "വിശ്വാസത്തിന്റേയും സ്നേഹത്തിന്റേയും അനന്തരഫലമായി കിട്ടുന്നതാണ് പ്രത്യാശ എന്നതു വിലക്കുന്നതാണ് പൗലൊസിന്റെ ഭാഷ എന്നു തോന്നിയേക്കാം, പക്ഷെ നേരെ മറിച്ചാണ് കാര്യം."[10]

പൗലൊസ് നന്ദി പറയുവാനുള്ള കാരണം പ്രത്യാശയാണ് എന്ന് വരുത്തുവാൻ ആ വേദഭാഗത്തെ ചിലർ പുനർക്രമീകരണം നടത്തിയിട്ടുണ്ട്. "വിശ്വാസം" വരുന്നത് ദൈവ വചനം മുഖാന്തരമാണ് (റോമ. 10:17; യോഹ. 17:20 നോക്കുക). "സ്നേഹം" വരുന്നത് ദൈവസ്നേഹത്തോടു പ്രതികരിക്കുമ്പോഴാണ് (1 യോഹ. 4:9). ആ ഗുണങ്ങൾ പ്രത്യാശയുടെ അടിസ്ഥാനത്തിലും വരാവുന്നതാണ്. സ്നേഹമുള്ളവർ തങ്ങളെ രക്ഷിക്കുവാനെത്തുമെന്ന് കത്തിക്കൊണ്ടിരിക്കുന്ന കെട്ടിടത്തിലുള്ളവർ പ്രത്യാശിക്കും. വരുവാനുള്ള അപകടത്തിൽനിന്ന് അഗ്നിശമനക്കാർ രക്ഷപ്പെടുത്തുമെന്ന ആത്മവിശ്വാസവും അവരിൽ ഉണ്ടാകും. വിശ്വാസത്താലും സ്നേഹത്താലും ലഭിക്കുന്ന ഒന്നാണ് പ്രത്യാശ.

**പ്രത്യാശ** (*എൽപിസ്*), "പ്രതീക്ഷ," ശ്രേഷ്ഠമായ ക്രിസ്തീയ ഗുണങ്ങളിൽ ഒന്നാണ്. അത് വെറും ആശിക്കുന്ന ചിന്തയല്ല, വിശ്വാസത്തിൽ അധിഷ്ഠിതമായ ഉറപ്പും ആത്മവിശ്വാസവുമുള്ള ഒരു പ്രതീക്ഷയാണ് (എബ്രാ. 11:1). അതുകൊണ്ട് വിശ്വാസത്തിന്റെ ഫലമാണ് പ്രത്യാശ (ഗലാ. 5:5), അത് ദൈവത്തിലും യേശുവിലും ഉള്ളതാണ് (പ്രവൃ. 24:15; 1 തെസ്സ. 1:3; 1 തിമൊ. 1:1; 1 പത്രൊ. 1:21). വിശ്വാസം അർപ്പിക്കേണ്ടത്, എഴുതപ്പെട്ട തിരുവെഴുത്തുകളിലും സുവിശേഷ സത്യങ്ങളിലുമാണ് (റോമ. 15:4; കൊലൊ. 1:23). നമുക്ക് പുനരുത്ഥാന പ്രത്യാശ നൽകുന്നതാണ് യേശുവിന്റെ ഉയിർത്തെഴുന്നേൽപ് (പ്രവൃ. 23:6: 1 പത്രൊ. 1:3, 4). ഒരേ പ്രത്യാശയാണ് എല്ലാ ക്രിസ്ത്യാനികൾക്കും ഉള്ളത്-ഏക രക്ഷയുടെ പത്യാശ-തൽഫലമായാണ് നിത്യജീവൻ ലഭിക്കുന്നത് (കൊലൊ. 1:5; 1 തെസ്സ. 5:8; തിത്തൊ. 1:2; 3:7). ദൈവത്തിന്റെ അനർഹമായ ഉപകാരം എന്ന കൃപയാലാണ് നമുക്ക് പ്രത്യാശയുള്ളത് (2 തെസ്സ. 2:16; 1 പത്രൊ. 1:13), ആ പ്രത്യാശയാണ് ആളുകളെ രക്ഷിക്കപ്പെടുവാനും നല്ല ക്രിസ്തീയ ജീവിതം നയിക്കുവാനും പ്രേരിപ്പിക്കുന്നത് (റോമ. 8:24; 1 യോഹ. 3:3). പ്രത്യാശയാണ് ഉറപ്പ് നൽകുന്നത് (എബ്രാ. 6:11), ക്രിസ്ത്യാനികൾക്ക് സന്തോഷിക്കുവാൻ കഴിയുന്നത് അതുകൊണ്ടാണ് (റോമ. 5:2; 12:12). അത്തരം പ്രത്യാശയുള്ളതുകൊണ്ട്, ക്രിസ്ത്യാനികൾക്ക് അവരുടെ വിശ്വാസത്തെ കുറിച്ച്

ലജ്ജിക്കേണ്ട ആവശ്യമില്ല (റോമ. 1:16). അത് ആത്മാവിന്റെ ഒരു നങ്കൂരമാണ് (എബ്രാ. 6:18, 19).

പ്രത്യാശിക്കുവാനായി ഒന്നുമില്ലെങ്കിൽ, എന്തെങ്കിലും നേടുവാനുള്ള പരിശ്രമവും ഉദിക്കുന്നില്ല. എങ്ങനെയായാലും, അങ്ങനെ വരുമ്പോൾ, പ്രത്യാശക്ക് വിലയില്ലാതാകും; പ്രത്യാശയോടുകൂടി “വിശ്വാസത്താൽ വ്യാപരിക്കുന്ന സ്നേഹവും” ആവശ്യമാണ് (ഗലാ. 5:6). വിശ്വാസത്തിന്റേയും സ്നേഹത്തിന്റേയും അടിസ്ഥാനത്തിലായിരിക്കണം പ്രത്യാശ, അത് ദൈവത്തിന്റെ കൃപയിൽ കാണാം (1 പത്രൊ. 1:13). പ്രത്യാശ വർദ്ധിപ്പിക്കാവുന്ന ദൈവകൃപയിലേക്ക് നമ്മെ പ്രവേശിപ്പിക്കുന്നത് വിശ്വാസമാണ്.

നമുക്ക് ഇല്ലാത്തതും തിരിച്ചറിയാത്തതുമായവ ലഭിക്കുമെന്ന പ്രത്യാശയാണ് ക്രിസ്ത്യാനികൾക്കുള്ളത്. നമുക്ക് അത് ലഭിച്ചുകഴിഞ്ഞു എങ്കിൽ പിന്നെ പ്രത്യാശിക്കേണ്ട ആവശ്യമില്ല (റോമ. 8:24). പ്രത്യാശ ദൈവത്തിന്റെ ഗുണമല്ല, കാരണം മനുഷ്യർക്ക് ഭൂതകാലം അറിയാവുന്നതുപോലെ, അവന് ഭാവികാലം അറിയാം. ഇവിടെയുള്ള സമൃദ്ധമായ ജീവിതം ആസ്വദിക്കുന്നതിനു പുറമെ (യോഹ. 10:10), സ്വർഗീയ പ്രത്യാശയാണ് ക്രിസ്ത്യാനികളെ യേശുവിനു വേണ്ടി ജീവിക്കുവാൻ പ്രേരിപ്പിക്കുന്നത്. ക്രിസ്തുവിന്റെ ദാസന്മാർക്ക് വരുവാനിരിക്കുന്ന മഹത്വകരമായ ജീവിതത്തിന്റെ മുൻനിഴലാണ് ഇവിടെ അനുഭവപ്പെടുന്നത്. ഭാവിയിൽ കൂടുതൽ ആസ്വാദ്യകരമായ ഭാവി ജീവിതത്തിനു വേണ്ടിയാണ് നാം പ്രത്യാശിക്കുന്നത്, ഇപ്പോൾ ലഭിക്കുന്ന അനുഗ്രഹങ്ങൾ ആരംഭം മാത്രമാണ്.

ക്രിസ്ത്യാനികൾക്ക് **സ്വർഗത്തിൽ സംഗ്രഹിച്ചിരിക്കുന്ന** പ്രത്യാശയാണുള്ളത്. “സംഗ്രഹിക്കുക” (*അപോകെയിമായി*) അർത്ഥം “നീക്കി വെക്കുക” (ലൂക്കൊ. 19:20). “സംഭരിച്ചു,” “കരുതി വെച്ചു” അതേ ഗ്രീക്ക് വാക്ക് 2 തിമൊഥെയൊസ് 4:8 ലും, എബ്രായർ 9:27 ലും കാണാം. അവിടെ “നിയമിച്ചിരിക്കുന്നു” എന്നാണ് തർജിമ ചെയ്തിരിക്കുന്നത്. ക്രിസ്തുവിനുള്ളവർക്കായി അവൻ സ്വർഗത്തിൽ ഓരോ സ്ഥാനം മാറ്റി വെച്ചിരിക്കുകയാണ്. പൗലൊസ് എഴുതി, “നമ്മുടെ പൗരത്വമോ സ്വർഗത്തിലത്രെ”(ഫിലി. 3:20). ക്രിസ്ത്യാനികൾ സ്വർഗീയ പൗരത്വമുള്ളവരാണ്. നമുക്ക് ചുറ്റുമുള്ള തദ്ദേശവാസികളിൽ നിന്നു വ്യത്യസ്തമായി ഭൂമിയിൽ നാം അന്യരും പരദേശികളും ആയി നമ്മുടെ ഭവനത്തിൽനിന്നു മാറി കഴിയുകയാണ് (1 പത്രൊ. 2:11).

ഗ്രീക്ക് വാക്ക് *ഔരാനോയി* (അക്ഷരികമായി, “സ്വർഗങ്ങൾ,” എന്നു ബഹുവചനത്തിലാണ് പറഞ്ഞിരിക്കുന്നത്) പുതിയനിയമത്തിൽ അത് അടിക്കടി ഉപയോഗിച്ചിരിക്കുന്നതിന് “സ്വർഗം” എന്നു മാത്രമെ അർത്ഥമുള്ളു. കൊലൊസ്യർക്ക് സ്വർഗീയ പ്രത്യാശ പരിചയപ്പെടുത്തിയത് പൗലൊസ് ആയിരുന്നില്ല. അവർ സുവിശേഷത്തെയും സ്വർഗീയ പ്രത്യാശയെയും കുറിച്ച് കേട്ടിരുന്നു. ഒരുപക്ഷെ എപ്പഫ്രാസ് മുഖേന ആയിരിക്കുവാനാണ് സാധ്യത.

“സ്വർഗ്ഗം” എന്ന വാക്ക് മൂന്ന് അർത്ഥത്തിലാണ് ബൈബിളിൽ ഉപയോഗിച്ചിരിക്കുന്നത്. ഒന്നാമത്തെ സ്വർഗം, ഭൂമിക്കു മുകളിൽ ചുറ്റുമുള്ള-മേഘങ്ങൾ പാറി നടക്കുന്നതും, പുക ഉയരുന്നതും, വിമാനങ്ങളും പക്ഷികളും പറക്കുന്ന അന്തരീക്ഷമാണ് (മത്താ. 6:26; 8:20). രണ്ടാമത്തേത് നക്ഷത്രങ്ങളും താരസമൂഹങ്ങളും സ്ഥിതി ചെയ്യുന്ന പ്രതലമാണ് (മത്താ. 24:29). മൂന്നാമത്തെ സ്വർഗം എന്നു പറയുന്നത് ദൈവവും ദുതസംഘവും വസിക്കുന്ന സ്ഥലമാണ് (മത്താ. 6:9; 18:10).

യേശുവിനോടുകൂടെ ആകുക എന്നതാണ് ക്രിസ്ത്യാനികളുടെ പ്രത്യാശ (യോഹ. 14:3). അത് 2 കൊരിന്ത്യർ 12:2 ൽ പറഞ്ഞിരിക്കുന്നതുപോലെ മൂന്നാം സ്വർഗത്തിലാണ് . സ്വർഗം ആത്മിയ പ്രതലമാണ്, അവിടെ ജഡരക്തങ്ങൾക്ക് പ്രവേശനം ഇല്ല; മാറ്റം സഭവിച്ചവരാണ് അവിടെ പ്രവേശിക്കുന്നത് (1 കൊ. 15:50–53). സ്വർഗത്തിലുള്ളവർക്ക് ആത്മിയ ശരീരമാണുള്ളത് (1 കൊ. 15:44), അവർ ക്രിസ്തുവിനെ പോലെയും (ഫിലി. 3:21), ദൈവത്തെ പോലെയും ആകും (1 യോഹ. 3:2). ദൈവം ആത്മാവാണ് (യോഹ. 4:24), ആത്മിയ വ്യക്തി കൾക്ക് അസ്ഥിയും മാംസവും ഇല്ല (ലൂക്കൊ. 24:39).

കാണുന്നതും നിത്യമല്ലാത്തതുമായ ഭൗതിക പ്രതലത്തിൽനിന്നു വ്യത്യ സ്തമായി, ആത്മിയവും, സ്വർഗീയവുമായ പ്രതലം കാണുവാൻ കഴിയാ ത്തതും നിത്യവുമാണ് (2 കൊ. 4:18). ആത്മിയ സ്വഭാവത്തെയും സ്വർഗീയ പ്ര തലത്തെയും ഭൗതികമായി വിവരിക്കുവാൻ സാധ്യമല്ലാത്തതിനാൽ, നമുക്ക് താരതമ്യം ചെയ്യുവാൻ മാത്രമെ കഴിയുകയുള്ളു. സ്വർഗത്തിൽ ദൈവത്തോ ടുകൂടിയുള്ളവർക്ക് സന്തോഷം മാത്രമെയുള്ളു, കാരണം അവിടെ ദുഃഖമോ, കരച്ചിലോ, മരണമോ ഇല്ല (വെളി. 21:3, 4). അത് "മങ്ങലേൽക്കാത്തതും, മലി നപ്പെടാത്തതും, അനശ്വരവുമായിരിക്കും" (1 പത്രൊ. 1:4). കൊലൊസ്യർ ആ സ്ഥലത്തേക്കു പോകുവാനായിരുന്നു പ്രത്യാശ വെച്ചത്, എല്ലാ ക്രിസ്ത്യാനി കൾക്കും അവിടെ പോകണമെന്ന് പ്രത്യാശിക്കുവാൻ കഴിയും.

ക്രിസ്തീയ ജീവിതത്തിന്റെ ശരിയായ കാഴ്ച്ചപ്പാട് കൊലൊസ്യർക്ക് ന ൽകുവാനായിരിക്കാം പൗലൊസ് ശ്രമിച്ചത്. ഈ ലോകത്തിലെ അനുഗ്രഹങ്ങ ളിൽ മാത്രം ഒതുങ്ങുന്നതായിരുന്നില്ല അവരുടെ പ്രത്യാശ. പകരം, ആ സഹോ ദരങ്ങൾ ഈ ലോകത്തിലെയും വരുവാനുള്ള ലോകത്തിലെയും നന്മയാണ് പ്രതീക്ഷിച്ചിരുന്നത്: ഇവിടെ ക്രിസ്തുവിനോടുകൂടെ ജീവിതം ആസ്വദിക്കുക യും, മരണശേഷം സ്വർഗത്തിൽ ഭാവിയിലും അവനോടുകൂടെ അനശ്വരമായി ജീവിതം ആസ്വദിക്കാമെന്ന പ്രത്യാശയാണുള്ളത്.

### "സത്യവചനത്തിൽനിന്നു നിങ്ങൾ മുമ്പെ കേട്ടിട്ട്" (1:5)

"സത്യം" (*അലെതേയിയ*), തികഞ്ഞ വസ്തുത, പൂർണ്ണമായും വിശ്വസി ക്കാവുന്ന വസ്തുത എന്നർത്ഥം-അത് തെറ്റിനും അവിശ്വാസത്തിനും എതിരാ ണ്. **സത്യവചനം** പുതിയ നിയമത്തിലെ മുഖ്യ ആശയമാണ്. യേശു ഇവിടെ "സത്യം" എന്ന വാക്ക് ഉപയോഗിച്ചതായി മത്തായിയും മർക്കൊസും പറയു ന്നില്ല, എന്നാൽ ലൂക്കൊസിന്റെ വിവരണത്തിൽ ഉദ്ധരിച്ച് പറയുന്നു, "ദേശത്ത് എങ്ങും മഹാ ക്ഷാമം ഉണ്ടായപ്പോൾ ... യിസ്രായേലിൽ പല വിധവമാർ ഉണ്ടാ യിരുന്നു എന്നു ഞാൻ *യഥാർത്ഥമായി* നിങ്ങളോട് പറയുന്നു" (ലൂക്കൊ. 4:25; എംഫസിസ് ആഡഡ്). സത്യത്തിന്റെ ഉറവിടം യേശു ആണെന്നും സത്യം പ രിശീലിക്കുന്നവൻ വെളിച്ചത്തിലേക്ക് വരുന്നു എന്നും യോഹന്നാൻ പറഞ്ഞി രിക്കുന്നു (യോഹ. 1:14, 17; 3:21).

സത്യത്തിന്റെ ഉറവിടമാണ് ക്രിസ്തു (യോഹ. 14:6; എഫെ. 4:21). യാഥാർത്ഥ്യത്തിന്റെ നിഴലായിരുന്നു ന്യായപ്രമാണം (എബ്രാ. 10:1, 2), എന്നാൽ അത് സത്യത്തിന്റെ സത്ത ആയിരുന്നില്ല (കൊലൊ. 2:17). മോശെ ന്യായപ്ര മാണം കൊണ്ടുവന്നു, എന്നാൽ കൃപയും സത്യവും യേശുക്രിസ്തുവാണ് കൊണ്ടുവന്നത്. യേശു വന്നത് സത്യത്തിനു സാക്ഷി നിൽക്കേണ്ടതിനായി

രുന്നു (യോഹ. 18:37), സത്യത്തെ കുറിച്ചുള്ള അവന്റെ ഉപദേശങ്ങൾ യോഹന്നാന്റെ പുസ്തകത്തിലെ ശേഷിച്ച ഭാഗങ്ങളിൽ വെളിപ്പെടുത്തിയിരിക്കുന്നു.

ദൈവത്തെ സത്യത്തിൽ നമസ്ക്കരിക്കണം എന്ന വസ്തുത സത്യത്തിന്റെ പ്രാധാന്യത്തെ വെളിപ്പെടുത്തുന്നു (വാ. 5; യോഹ. 4:23, 24). ആളുകൾ സത്യത്താലാണ് പാപത്തിൽനിന്നു സ്വതന്ത്രരാകുന്നതും (യോഹ. 8:32) ഹൃദയങ്ങൾ വിശുദ്ധീകരിക്കപ്പെടുന്നതും (1 പത്രൊ. 1:22). ഭോഷ്ക്ക് ദുഷ്ടനിൽനിന്നാണ് വരുന്നത് കാരണം അവനിൽ സത്യം ഇല്ല (യോഹ. 8:44). സത്യത്തിന്റെ ആത്മാവായ പരിശുദ്ധാത്മാവ് വെളിപ്പെടുത്തിയിരിക്കുന്ന ദൈവത്തിന്റെ വചനത്തിലാണ് ആത്മിയ സത്യം കാണുവാൻ കഴിയുന്നത്. യേശുവിന്റെ ഉപദേശത്തിൽ തുടരുന്നവർക്ക് സത്യം അറിയുവാൻ കഴിയും. അനേകം ദുരുപദേഷ്ടാക്കന്മാർ ലോകത്തിലേക്ക് വന്നിരിക്കുന്നു (1 യോഹ. 4:1), എന്നാൽ അവരുടെ ഉപദേശം ശരിയോ എന്ന് ക്രിസ്ത്യാനികൾക്ക് വെളിപ്പെടുത്തിയിരിക്കുന്ന സത്യം പരിശോധിച്ച് വിലയിരുത്താവുന്നതാണ് (1 യോഹ. 4:6). സത്യം അനുസരിച്ചായിരിക്കും ദൈവം ന്യായവിധി നടത്തുന്നത് (റോമ. 2:2; കെജെവി; എൻകെജെവി; എൻഐവി).

ദൈവവചനം വാമൊഴിയായി കൊലൊസ്യർ കേട്ടതിനാലാണ് അവർക്ക് വിശ്വാസവും പ്രത്യാശയും വന്നത് എന്ന് അവരെ ഓർമ്മിപ്പിക്കുന്നതിനാണ് 5, 6, 9, 23 എന്നീ വാക്യങ്ങളിൽ **കേട്ടു** എന്നത് ആവർത്തിച്ചു പറഞ്ഞിരിക്കുന്നത്. എഴുതപ്പെട്ട വചനത്തിന്റെ അടിസ്ഥാനത്തിലായിരുന്നില്ല അവരുടെ വിശ്വാസവും പ്രത്യാശയും, മറിച്ച് അവർ വാമൊഴിയായി കേട്ട വചനം മുഖാന്തരമായിരുന്നു.

### ''സുവിശേഷം" (1:5)

**സുവിശേഷം** എന്നതിന്റെ ഗ്രീക്ക് വാക്ക് (*എയുവാഞ്ചെലിയോൺ*), അർത്ഥം, "സുവാർത്ത" എന്നാണ്. പ്രധാനപ്പെട്ട ആ വാക്ക് പൗലൊസിന്റെ ലേഖനങ്ങളിൽ അറുപതു പ്രാവശ്യം കാണാം. സുവിശേഷത്തിൽ, ക്രിസ്തുവിന്റെ മരണം, അടക്കം, ഉയർത്തെഴുന്നേൽപ് എന്നിവ അടങ്ങിയിരിക്കുന്നു (1 കൊ. 15:1–4). എങ്ങനെയായാലും, അവന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവ സംഭവിക്കുന്നതിനു മുൻപ് തന്നെ അത് യഥാർത്ഥ വാർത്തയായി പ്രസംഗിച്ചിരുന്നു (മത്താ. 11:5). "സുവാർത്ത" പ്രസംഗിച്ചു തുടങ്ങിയ സമയത്ത് ദൈവരാജ്യം ആസന്നമായിരുന്നു (മത്താ. 4:17). ഉടൻ സ്ഥാപിക്കുവാനിരുന്ന ക്രിസ്തുവിന്റെ രാജ്യത്തെ കുറിച്ചുള്ള "സുവിശേഷം" ആയിരുന്നു അത് (മത്താ. 4:23; 9:35; മർ. 1:14). *എയുവാഞ്ചെലിസോണായി* എന്ന ഗ്രീക്ക് വാക്കിന്റെ ക്രിയാ രൂപമാണ് ലൂക്കൊസ് ഉപയോഗിച്ചത്, അർത്ഥം "സുവിശേഷം പ്രസംഗിക്കുക" എന്നാണ് (ലൂക്കൊ. 4:18; 3:18; 4:43 നോക്കുക), പക്ഷെ അവൻ "സുവിശേഷം" എന്ന നാമം അല്ല ഉപയോഗിച്ചത്. യോഹന്നാൻ അവ രണ്ടുമല്ല ഉപയോഗിച്ചത്; എന്നാൽ "സുവിശേഷവും" "സത്യവും" ഒന്നായതുകൊണ്ടായിരിക്കാം (എഫെ. 1:13 നോക്കുക), യോഹന്നാൻ അത് അടിക്കടി ഉപയോഗിച്ചത്.

വാസ്തവത്തിൽ, യേശുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവയേക്കാളധികം അടങ്ങുന്നതാണ് സുവിശേഷം. "സുവിശേഷം എന്ന സത്യവചനത്തിൽ" കൊലൊസ്യർ സ്വർഗത്തെ കുറിച്ച് കേട്ടു എന്നാണ് പൗലൊസ് എഴുതിയത്. "സുവിശേഷ സത്യം" ഗലാത്യരോടുകൂടെ നിൽക്കേണ്ടതിന്നു പൗലൊസ്

പത്രൊസിൽ കുറ്റം കാണുകയാൽ അവനോട് അഭിമുഖമായി എതിർത്തു നിന്നു (ഗലാ. 2:5, 14). പത്രൊസ് ക്രിസ്തുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവയെ ദുർവ്വിനിയോഗിച്ചതുകൊണ്ടായിരുന്നില്ല പൗലൊസ് എതിർത്തത്, പിന്നെയോ, പത്രൊസ് ജാതികളിൽ നിന്നു ക്രിസ്ത്യാനികകളായവരോട് ബന്ധപ്പെടാതിരുന്നു എന്നതായിരുന്നു തെറ്റ്. അങ്ങനെയുള്ള പെരുമാറ്റത്താൽ അവൻ സുവിശേഷത്തിന്റെ സത്യപ്രകാരമായിരുന്നില്ല നടന്നത്. സുവിശേഷം എന്നു പറയുന്നതിൽ ക്രിസ്ത്യാനികൾ നടക്കേണ്ട ജീവിത രീതിയും ഉൾപ്പെടുന്നതാണ് (ഫിലി. 1:27), പാപസംബന്ധമായ സ്വഭാവം മാറ്റുന്നതും അതിൽ അടങ്ങിയിരിക്കുന്നു (1 തിമൊ. 1:10, 11). യേശു വെളിപ്പെടുത്തിയ സകല സത്യവും ഉൾപ്പെടുന്നതാണ് സുവിശേഷം.

രക്ഷ സ്വീകരിക്കുവാനുള്ള ആരംഭ ആവശ്യങ്ങളാണ് സുവിശേഷത്തിന്റെ ഒരു വശം. "രക്ഷക്കുള്ള ... ദൈവത്തിന്റെ ശക്തിയാണ്" സുവിശേഷം എന്നു യേശു പറഞ്ഞിരുന്നു (റോമ. 1:16), അതു സകല സൃഷ്ടികളോടും പ്രസംഗിക്കയും വേണം (മർ. 16:15). വിശ്വസിക്കുകയും രക്ഷിക്കപ്പെടുകയും ചെയ്യുന്നവരാണ് രക്ഷിക്കപ്പെടുന്നത് (മർ. 16:16). സുവിശേഷം അനുസരിക്കാത്തവർക്ക് യേശു നിത്യശിക്ഷാവിധി നടത്തും (2 തെസ്സ. 1:7-9).

## അവരുടെ വിശ്വാസത്തിൽനിന്നും ഉത്ഭവിക്കുന്ന ഫലം (1:6)

**6ആ സുവിശേഷം സർവ്വലോകത്തിലും എന്നപോലെ നിങ്ങളുടെ അടുക്കലും എത്തി; നിങ്ങൾ ദൈവകൃപയെ യഥാർത്ഥമായി കേട്ടറിഞ്ഞ നാൾ മുതൽ നിങ്ങളുടെ ഇടയിൽ എന്നപോലെ സർവ്വലോകത്തിലും ഫലം കായിച്ചും വർദ്ധിച്ചും വരുന്നു.**

### "നിങ്ങളുടെ അടുക്കലും എത്തി" (1:6)

ക്രിസ്ത്യാനിത്വം ആരംഭത്തിൽ വ്യാപിച്ചത് ക്രിസ്ത്യാനികൾ സുവിശേഷം ലോകത്തിൽ എത്തിച്ചതുകൊണ്ടാണ്, അല്ലാതെ ലോകത്തുള്ളവർ യേശുവിന്റെ ഉപദേശം കേൾക്കുവാൻ വന്നതുകൊണ്ടല്ല. സത്യം എന്ന-സുവിശേഷം മാനുഷിക വിവേചനത്താൽ ലഭിക്കുവാൻ കഴിയുന്നതല്ല. മറിച്ച് ദൈവം അത് വെളിപ്പെടുത്തിയതിനാലാണ് ലഭിക്കുന്നത് (ഗലാ. 1:10, 11).

*എയിസ്* ("ലേക്ക്") എന്ന വാക്ക് ഉപയോഗിച്ചുകൊണ്ടാണ് പൗലൊസ് സുവിശേഷം കൊലൊസ്യരിലേക്ക് എത്തി എന്ന് എഴുതിയത്. മൂല വാക്ക് *എയിസ്* എന്നതിന്റെ അർത്ഥം "ങ്കലേക്ക്" എന്നാണ്, ഒരു സ്ഥാനത്തു നിന്ന് മറ്റൊരു സ്ഥാനത്തേക്കുള്ള ചലിക്കൽ, ഒരു പ്രതലത്തിൽ നിന്ന് മറ്റൊരു പ്രതലത്തിലേക്ക്, ഒരു ദിശയിൽ നിന്ന് മറ്റൊരു ദിശയിലേക്ക് എന്നാണ് അത് സൂചിപ്പിക്കുന്നത്. പുറകിലേക്കു ചലിക്കുന്നതിനു പകരം, മുമ്പോട്ടു ഗമിക്കുക, അത് ചിന്തയിലായാലും, പ്രവൃത്തിയിലായാലും. പുതിയ നിയമത്തിൽ എവിടെ *എയ്സ്* കാണുന്നുവോ അവിടെ അതാണ് അർത്ഥം. കൊലൊസ്യ ലേഖനത്തിൽ പൗലൊസ് അത് എങ്ങനെ ഉപയോഗിച്ചിരിക്കുന്നു എന്ന് ഉദാഹരണം നോക്കുക: "സകല വിശുദ്ധന്മാർ*ക്കും*" (1:4); "പ്രാപ്തമാക്കുന്നതി*നും*" (1:11); "പങ്കിടുന്നതി*നും*" (1:12); "രാജ്യത്തി*നും*" (1:13); "അവ*ന്*" (1:16); "അതി*ന്*" (3:15); "ആ ... ഉദ്ദേശ*ത്തിന്*" (4:8) (എംഫസിസ് ആഡഡ്).

*എയ്സ്* എന്ന അതേ വാക്ക് യേശുവും ഉപയോഗിച്ചിരുന്നു. അവൻ പറഞ്ഞു, "അതു അനേകർക്കു [*വേണ്ടി*] പാപമോചനത്തിന്നായി ചൊരിയുന്ന പുതിയ നിയമത്തിന്നുള്ള എന്റെ രക്തം" (മത്താ. 26:28). അവൻ രക്തം ചിന്തിയത് *മുമ്പോട്ടു നോക്കിയാണ്*, പാപമോചനം, എന്ന *ഉദ്ദേശത്തിനായി*-അല്ലാതെ ക്ഷമിച്ചുകഴിഞ്ഞ പാപങ്ങളിലേക്ക് *നോക്കുന്നതായിരുന്നില്ല*. കൂടാതെ *എയ്സ്* എന്നത് മർക്കൊസ് 1:4 ലും ലൂക്കൊസ് 3:3 ലും പ്രത്യേക പ്രയോഗമായിട്ടാണ് ഉപയോഗിച്ചിരിക്കുന്നത്, "പാപ മോചനത്തിനായി [*എയ്സ്*] ഉപയോഗിച്ചിരിക്കുന്നു" (കൂടാതെ നോക്കുക ലൂക്കൊ. 24:47; പ്രവൃ. 2:38). മാനസാന്തരവും സ്നാനവും പാപമോചനത്തിന് "വേണ്ടി" (*എയ്സ്*) ആണ്. ആ പ്രതികരണങ്ങൾ പാപ മോചനം ലഭിക്കുക എന്ന് മുമ്പോട്ടുള്ള ഉദ്ദേശത്തിലേക്കാണ് നോക്കുന്നത്. അത് ലഭിച്ചു കഴിഞ്ഞ പാപ മോചനത്തിലേക്കല്ല നോക്കുന്നത്. മാനസാന്തരപ്പെട്ട് സ്നാനം ഏൽക്കുന്നവർക്ക് യേശുവിന്റെ രക്തമെന്ന ഉറവിടത്തിൽ നിന്നാണ് പാപമോചനം ലഭിക്കുന്നത്.

കൊലൊസ്യ ലേഖനത്തിൽ പല വാക്യങ്ങളിലും. പൗലൊസ് എയ്സ് ഉപയോഗിച്ചിരിക്കുന്നു: 1:4, 6, 10, 11, 12, 13, 16, 20, 25, 29; 2:2, 5, 22; 3:9, 10, 15; 4:8, 11. ആ വേദഭാഗങ്ങളെല്ലാം മുമ്പോട്ടു നോക്കുന്നതാണ്; ഒന്നും തന്നെ നേടിക്കഴിഞ്ഞതിലേക്ക് പുറകോട്ടു നോക്കുന്നില്ല. അതിന് ഒരു ഒഴികഴിവായി ചില ആളുകൾ മത്തായി 12:41 എടുക്കുന്നു: "അവർ യോനയുടെ പ്രസംഗം കേട്ട് [*എയ്സ്*] മാനസാന്തരപ്പെട്ടു." അത് ഒഴികഴിവായി എടുത്താലും, പ്രവൃത്തികൾ 2:38 അങ്ങനെ എടുക്കാവുന്നതല്ല. യോനയുടെ പ്രസംഗം കേൾക്കുന്നതിനു "വേണ്ടി ആയിരുന്നില്ല" നിനവെയിലുള്ള ആളുകൾ മാനസാന്തരപ്പെട്ടത്, മറിച്ച് അവർ മാനസാന്തരപ്പെട്ടതിന്റെ "കാരണം" യോനാ പ്രസംഗിച്ചതിനാലായിരുന്നു. *എയ്സ്* മുമ്പോട്ട്-നോക്കുന്നതാകയാൽ, വേദഭാഗത്തിന്റെ അർത്ഥം യോന പ്രസംഗിച്ചതിനാൽ ആയിരുന്നു അവർ ആത്മീയ നവോത്ഥാനത്തിലേക്ക് പ്രവേശിച്ചത്. അവർ ചലിക്കേണ്ട ആത്മീയ ദിശ യോന തന്റെ പ്രസംഗത്തിൽ ചൂണ്ടിക്കാട്ടി. അവന്റെ പ്രസംഗം അവരുടെ മാനസാന്തരത്തിനു *വേണ്ടി*യായിരുന്നു എന്നു വിവരിക്കാം.

### "സർവ്വ ലോകത്തിലും എന്നപോലെ" (1:6)

സുവിശേഷം കൊലൊസ്യർക്കു മാത്രമായിരുന്നില്ല, അത് **സർവ്വ ലോകത്തിനും** വേണ്ടിയുള്ളതാണ് (*കോസ്മോസ്*). എല്ലായിടത്തും എല്ലാവർക്കും ഉള്ള സന്ദേശം ആണ് അത്. സുവിശേഷ പ്രസംഗം മുഖാന്തരമാണ് ലോകത്തെ രക്ഷിക്കുവാനുള്ള ദൈവത്തിന്റെപദ്ധതി (മർ. 16:15, 16; റോമർ. 1:16; 1 കൊ. 1:21; 1 പത്രൊ. 1:10-12). അവന് മറ്റൊരു പദ്ധതിയില്ല. ലോകത്തിലേക്ക് ആരെങ്കിലും സുവിശേഷം എത്തിച്ചില്ലാ എങ്കിൽ അത് കേൾക്കുവാനും പഠിക്കുവാനും അവർക്കു കഴിയുകയില്ല (റോമ. 10:14-17).

"സർവ്വലോകത്തിലും" എന്ന പ്രയോഗത്തിലെ "സകലവും" എന്ന് പൗലൊസ് ഉപയോഗിച്ചിരിക്കുന്നതിന്, ഭൂമിയിൽ വസിക്കുന്ന എല്ലാവരും എന്ന് അർത്ഥം വരുന്നില്ല. പൗലൊസ് ഉപയോഗിച്ച "സർവ്വം" എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് റോമാ ലോകത്തെ എല്ലാവരും എന്നാണ് (റോമ. 1:8 നോക്കുക). അതേ പോലെ ലൂക്കൊസ് 2:1-ൽ ലൂക്കൊസ് "ഒക്കെയും" എന്ന് ഉപയോഗിച്ചിരിക്കുന്നു: "ആ കാലത്ത് ലോകം ഒക്കെയും പേർവഴി ചാർത്തേണം എന്നു ഔഗുസ്തൊസ് കൈസരുടെ ഒരു ആജ്ഞ പുറപ്പെട്ടു." (എൻഎഎസസ്സ്ബിയു

ടെ ചില പ്രിന്റിങ്ങുകളിൽ "ഭൂവാസികൾ" എന്ന കുറിപ്പിന്റെ അർത്ഥം "റോമാ സാമ്രാജ്യം എന്നാണ്.")

പൗലൊസ് മാത്രമല്ല, അനേകം ഉപദേഷ്ടാക്കന്മാരാണ് സുവിശേഷം ലോകത്തിലേക്ക് എത്തിച്ചത്. യിസ്രയേൽ ദേശത്തിനു പുറത്തു സുവിശേഷ പ്രവർത്തനം നടത്തിയത് പൗലൊസ് മാത്രമായിരുന്നു എന്ന പ്രതീതി അപ്പൊസ്തലപ്രവൃത്തികൾ വായിക്കുന്നവരിൽ ഉണ്ടായേക്കാം. ലൂക്കൊസ് തന്റെ പുസ്തകത്തിൽ അവസാന ഭാഗം മാത്രമാണ് പൗലൊസിന്റെ പ്രവർത്തനം വിവരിക്കുവാൻ മാറ്റിവെച്ചത്, അതിനർത്ഥം ജാതികളുടെ അടുക്കൽ സുവിശേഷം പ്രസംഗിച്ചത് പൗലൊസ് മാത്രമായിരുന്നു എന്നല്ല. മറ്റു ഉപദേഷ്ടാക്കന്മാരും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സുവിശേഷം എത്തിച്ചിരുന്നു (പ്രവൃ. 11:19). സുവിശേഷം സർവ്വ ലോകത്തിലും എത്തി എന്ന പൗലൊസിന്റെ പ്രസ്താവന സൂചിപ്പിക്കുന്നത്, റോമാ സാമ്രാജ്യത്തിലുടനീളം സുവിശേഷം പ്രസംഗിക്കുന്നതിൽ മറ്റു പലരും അവനെകൂടാതെ വ്യാപൃതരായിരുന്നു എന്നാണ്.

### "നിങ്ങളുടെ ഇടയിൽ എന്ന പോലെ സർവ്വലോകത്തിലും ഫലംകായിച്ചും വർദ്ധിച്ചും വരുന്നു" (1:6)

ജീവിക്കുന്ന സുവിശേഷം പ്രസംഗിക്കുന്നതിന്റെ **തുടർച്ചയായ ഫലമാണ് ഫലം കായ്ക്കൽ**. ഇവിടെ ഉപയോഗിച്ചിരിക്കുന്ന ഗ്രീക്ക് ക്രിയാ രൂപം, *കാർപ്പൊഫോറൗമെനൊൻ* (അർത്ഥം "ഫലം പുറപ്പെടുവിക്കൽ"), അത് ഉദ്ദേശിക്കുന്നത് "അന്തർലീനമായ ഊർജ്ജം".[11] സുവിശേഷത്തിന്റെ ശക്തമായ ഉൽപ്പാദന പ്രക്രിയയെയാണ് ആ വാക്ക് വിവരിക്കുന്നത്. "രക്ഷക്കുള്ള ദൈവശക്തി" എന്നാണ് പൗലൊസ് സുവിശേഷത്തെ വിളിച്ചത് (റോമ. 1:16).

വിതക്കാരന്റെ ഉപമയിൽ യേശു വിശദമാക്കിയതനുസരിച്ച് ഉൽപാദനത്തിന്റെ ഉറവിടം വചനമാണ്. ആ ഉപമയിൽ യേശു വയലിൽ വിതക്കുന്ന വിത്തിനെ കുറിച്ചാണ് പറഞ്ഞത്. "വിത്ത് വചനമാകുന്നു" എന്നാണ് യേശു പറഞ്ഞത് (ലൂക്കൊ. 8:11), "രാജ്യത്തിന്റെ വചനം" (മത്താ. 13:19). ഫലം കായ്ക്കുവാൻ വിത്ത് വിതക്കണം. യേശു പറഞ്ഞു, "ഞാൻ നിങ്ങളോട് സംസാരിച്ച വചനം ആത്മാവും ജീവനും ആകുന്നു" (യോഹ. 6:63). ആത്മാവ് ശുദ്ധീകരിക്കപ്പെടുന്നതും, വീണ്ടും ജനിക്കപ്പെടുന്നതും സത്യവചനം എന്ന, വിത്തുമുഖാന്തരമാണ് (1 പത്രൊ. 1:22, 23), അങ്ങനെ പുതിയ ജീവൻ പുറപ്പെടുന്നു.

ഭൗതിക വിത്തിന്റെ ഉൽപാദനത്തിന് പരിമിതികളുണ്ട്, ആത്മിയ വിത്തിനുമുണ്ട്, ചില നിബന്ധനകളും ആവശ്യമാണ്: (1) വിത്തിന് ജീവനുണ്ടായിരിക്കണം. (2) ചിലത് അല്ലെങ്കിൽ ചിലർ അത് വിതക്കണം അല്ലെങ്കിൽ നടണം. (3) അത് നല്ല മണ്ണിൽ പ്രവേശിക്കണം. (4) അതിനെ നട്ടുവളർത്തണം. (5) നല്ല മണ്ണിൽ വീഴുന്ന വിത്ത് കൂടുതൽ ഫലം കായ്ക്കണം. ഇങ്ങനെയാണ് ക്രിസ്തുവിന്റെ രാജ്യം ലോകത്തിലെങ്ങും വ്യാപിച്ചത്. വചനം അനുസരിച്ചവർ അതേ വചനം മറ്റുള്ളവരുമായി പങ്കുവെക്കുമ്പോഴാണ് ഫലം കായ്ക്കുന്നത്. പിതാവും, പുത്രനും, പരിശുദ്ധാത്മാവും വിത്ത് നൽകിയിരിക്കുകയാണ്. എന്നാൽ അവർ അത് വിതക്കുകയില്ല. നടുവാനും നനക്കുവാനുമുള്ള ഉത്തരവാദിത്തം നൽകിയിരിക്കുന്നത് യേശുവിന്റെ ശിഷ്യന്മാർക്കാണ് (1 കൊ. 3:6), വിതക്കുവാനും കൊയ്യുവാനും (യോഹ. 4:35–38). ആ നേട്ടത്തെയും, ഉത്തരവാദിത്തത്തെയും കുറിച്ച് പൗലൊസ് എഴുതി, "ആ നിക്ഷേപം മൺപാ

ത്രങ്ങളിലാണ് നൽകിയിരിക്കുന്നത്" (2 കൊ. 4:7).

ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികൾ പോയ സ്ഥലങ്ങളിലെല്ലാം വചനം എത്തിച്ചു. അക്കാരണത്താൽ ആളുകൾ ദിവസവും പരിവർത്തനം ചെയ്തു, തൽഫലമായി സഭകൾ വർദ്ധിക്കുവാനും വളരുവാനുമിടയായി. പ്രസംഗിച്ച "സുവിശേഷം എന്ന സത്യസന്ദേശം" ആളുകൾ കൈക്കൊള്ളുവാൻ തുടങ്ങിയതിനാൽ, സഭകൾ എണ്ണത്തിലും പെരുകുവാൻ തുടങ്ങി (എഫെ. 1:13).[12] ഇടവകകൾ പല രീതിയിൽ വളർന്നിരിക്കാം, എന്നാൽ വളർച്ചക്കുള്ള ദൈവപദ്ധതി വചനം പ്രസംഗിക്കുക എന്നതാണ് (പ്രവൃ. 8:4, 25; 18:11; 2 തിമൊ. 4:2). പ്രാരംഭ സഭ "തുടർച്ചയായി ഫലം കായ്ക്കുകയും വർദ്ധിക്കുകയും ചെയ്തു." കാരണം അവർ തുടർച്ചയായി ദൈവത്തിന്റെ വചനം പങ്കിട്ടുകൊണ്ടിരുന്നു. കാർസൺ എഴുതി,

> സുവിശേഷം അതിനുള്ളിൽ ആഴത്തിൽ പ്രവർത്തിക്കുക മാത്രമല്ല, അതിന്റെ സ്വാധീനവും തുടർച്ചയായി വർദ്ധിച്ചുകൊണ്ടിരുന്നു. ദൈവകരുണയാൽ അവ രണ്ടും യോജിച്ചിരിക്കുകയാണ്. സാധാരണ അത് വ്യക്തിയിൽ ഫലം കായ്ക്കുമ്പോൾ, ആ വ്യക്തിയിൽനിന്ന് മറ്റുള്ളവരിലേക്ക് എത്തുകയാണ്; അപ്പോൾ അതിന്റെ വ്യാപ്തി ആഴത്തിൽ വർദ്ധിക്കുകയും സുവിശേഷത്തിന്റെ ശക്തി മറ്റുള്ളവരിൽ വിശുദ്ധി കൈവരിക്കുന്ന വിധത്തിലാകുകയും ചെയ്യും.[13]

"ഫലം" എന്നു പറഞ്ഞിരിക്കുന്നത് രണ്ട് തരത്തിലാണ് സംഭവിക്കുന്നത്, എണ്ണത്തിലും, ആത്മിയതയിലും. ഫലം എന്നു പറയുന്നത് ക്രിസ്തുവിലേക്ക് കൊണ്ടുവരുന്ന ആളുകളാണ് (യോഹ. 4:34–36; 12:24; 15:8, 16; റോമ. 1:13; ഫിലി. 1:22). ആത്മീയ ഫലങ്ങൾ (അല്ലെങ്കിൽ "ആത്മാവിന്റെ ഫലങ്ങൾ"; ഗലാ. 5:22, 23) യേശു കാണിച്ചു തന്നതും, നാം വർദ്ധിപ്പിക്കേണ്ടതുമായ ദൈവിക ഗുണങ്ങളാണ്. രണ്ടും അന്യോന്യം ബന്ധപ്പെട്ടാണിരിക്കുന്നത്. ക്രിസ്തുവിലേക്ക് കൊണ്ടുവന്നിരിക്കുന്ന ആളുകൾ ക്രിസ്തുവിൽ കാണുന്ന ആവശ്യമായ ഗുണങ്ങൾ വളർത്തിയെടുക്കണം. ഫലം നമുക്ക് ചുറ്റുമുള്ളവർക്ക് ക്രിസ്തുവിനെ കാണിച്ചു കൊടുക്കുവാൻ കഴിയും എന്നതാണ്.

ഏതൊന്നായാലും പുറപ്പെടുവിക്കുന്ന ഫലം അതാതിന്റേതായിരിക്കും (ഉല്. 1:11, 12). അത് ഭൗതികതലത്തിലും ആത്മികതലത്തിലും വാസ്തവമാണ്. ദൈവവചനത്തിന്റെ ഫലമാണ് ദൈവരാജ്യം (മത്താ. 13:19; ലൂക്കൊ. 8:11), അഥവാ സഭ. അവന്റെ വചനം എന്ന വിത്ത് വിതക്കുമ്പോൾ, പുറപ്പെടുന്ന ഏക ഫലം, ക്രിസ്ത്യാനികൾ അഥവാ, ക്രിസ്തുവിന്റെ സഭയിലെ അംഗങ്ങൾ ആണ്. സത്യത്തിന്റെ ഫലം പുറപ്പെടുവിക്കുമ്പോൾ, അത് സത്യത്തിനു വിരുദ്ധമായിരിക്കുകയില്ല. ദൈവവചനം ഒരിക്കലും ക്രിസ്ത്യാനിത്വത്തിന് പല നിഴലുകൾ ഉത്ഭവിപ്പിക്കുകയില്ല. സുവിശേഷം ആവശ്യപ്പെടുന്നതാണ് അത് പുറപ്പെടുവിക്കുന്ന ഫലം, അത് ഉറപ്പിക്കുന്നത് വിശുദ്ധ ജീവിതവും സത്യോപദേശവുമായിരിക്കും. പത്ഥ്യോപദേശപ്രകാരമുള്ള ജീവിതം ആളുകൾക്കിടയിൽ ഐക്യതയായിരിക്കും കൈവരിക്കുക (1 കൊ. 12:13; എഫെ. 4:4–6).

മുന്തിരിവള്ളിയുടേയും കൊമ്പുകളുടേയും ഉപമയിൽ, തന്നിൽ വസിക്കുന്ന കൊമ്പാണ് ഫലം കായ്ക്കുന്നത് എന്ന് യേശു പറഞ്ഞു. ഒരു കൊമ്പ് ഫലം കായ്ക്കുന്നില്ലെങ്കിൽ, അതിനെ വെട്ടി തീയിലിട്ട് ചുട്ടുകളയും എന്നും

പറഞ്ഞു (യോഹ. 15:1-6). അധികം ഫലം കായ്ക്കുന്നവ ദൈവത്തെ മഹത്വ പ്പെടുത്തുകയാണ് (യോഹ. 15:8).

**നിങ്ങളുടെ ഇടയിൽ എന്നപോലെ** എന്ന പ്രയോഗം അർത്ഥമാക്കുന്നത്, മറ്റ് സഭകളിൽ മാത്രമല്ല ഫലം കായ്ച്ചു വളർന്നുകൊണ്ടിരുന്നത്, കൊലൊസ്യ യിലെ ശിഷ്യന്മാരും അതുപോലെ വളർന്നുകൊണ്ടിരുന്നു എന്നാണ്. അവർ സുവിശേഷ സത്യം പങ്കിടുകയും അതേ ഫലം പുറപ്പെടുവിക്കയും ചെയ്തു. നഷ്ടപ്പെട്ടവരോട് യേശുവിന്റെ വചനം അംഗങ്ങൾ ഉപദേശിച്ചാൽ മാത്രമേ ഇടവകകൾ വളരുകയുള്ളു. വിത്ത് വിതച്ചാൽ മാത്രമേ കൊയ്ത്തു പ്രതീക്ഷി ക്കുവാൻ കഴിയുകയുള്ളു. കാലിയായ വയലുകളിൽ, കള വളർന്നേക്കാം, എന്നാൽ അവിടെ നിന്ന് നല്ല മണികൾ കൊയ്യുവാൻ സാദ്ധ്യമല്ല.

### "നിങ്ങൾ ദൈവകൃപയെ യഥാർത്ഥമായി കേട്ടറിഞ്ഞ നാൾമുതൽ" (1:6)

കൊലൊസ്യയിൽ വിത്തു വിതച്ചിരുന്നു. [കൊലൊസ്യർ] **സതൃത്തിൽ ദൈവകൃപയെ** യഥാർത്ഥമായി [സുവിശേഷം] **കേട്ടറിഞ്ഞ നാൾ മുതൽ** അവ രുടെ ഇടയിൽ ഫലം കായ്ച്ചുകൊണ്ടിരുന്നു എന്നാണ് പൗലൊസ് പറഞ്ഞത്.

ആ സഹോദരന്മാർ സുവിശേഷം കേട്ടറിയുന്നതു വരെ അത് പങ്കിടുവാൻ തുടങ്ങിയിരുന്നില്ല. ദൈവ കൃപയുടെ സുവിശേഷം അവരുടെ ക്രിസ്തീയ ജീവിതത്തിന്റെ ആരംഭത്തിൽ തന്നെ മനസിലാക്കിയിരുന്നു എന്നർത്ഥം. ക്രിസ്തീയ ജീവിതം ആരംഭിക്കുകയും, തുടരുകയും ചെയ്യുന്നത് അവന്റെ കൃപയുടെ അടിസ്ഥാനത്തിന്മേലാണ്. "കൃപ" എന്ന വാക്ക് ഉപയോഗിക്കാതെ തന്നെ ക്രൂശിലെ പാപ മോചനത്തെ പ്രസംഗിച്ചുകൊണ്ട് "കൃപ," എന്ന ആശയം വ്യക്തമാക്കാം. ക്രിസ്തുവിന്റെ രക്തത്തിന്റെയും ഉയർപ്പിന്റെയും ശക്തി മനസിലാക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് രക്ഷ ലഭിക്കുന്നത് (റോമ. 3:25; 10:9, 10). പാപമോചനം ലഭിക്കുന്നത്, മനുഷ്യ യോഗ്യതക്ക് അപ്പു റമാണ്. അതാണ് കൃപ.

സുവിശേഷ വിവരണങ്ങളിൽ, ലൂക്കൊസ് മാത്രമാണ് യേശുവിന്റെ ഉപ ദേശത്തിൽ "കൃപ" (*കാരിസ്*) എന്ന വാക്ക് ഉപയോഗിച്ചിരുന്നതായി രേഖപ്പെ ടുത്തിയിരിക്കുന്നത്. അവൻ അത് ഉപയോഗിച്ചത് നന്ദി അർത്ഥമാക്കിയാണ് (ലൂക്കൊ. 6:32-34; 17:9), എന്നാൽ ഒരിക്കലും അനർഹമായ ഉപകാരമായിട്ടല്ല പറഞ്ഞത്. മത്തായിയിലും, മർക്കൊസിലും *കാരിസ്* കാണുന്നില്ല, യോഹ ന്നാന്റെ എഴുത്തുകളിലെ ആമുഖത്തിലാണ് കാണുന്നത് (1:14, 16, 17).

പ്രവൃത്തികളുടെ പുസ്തകത്തിൽ രേഖപ്പെടുത്തിയ പ്രാസംഗികന്മാരുടെ സുവിശേഷ പ്രസംഗങ്ങളിൽ *കാരിസ്* ഒരിക്കലും ഉപയോഗിച്ചിട്ടില്ല, എന്നാൽ അവരുടെ സുവിശേഷ പ്രസംഗ സന്ദർഭങ്ങളിൽ, ധാരാളം പ്രാവശ്യം ആ വാക്ക് കാണാം:

- സഹോദരന്മാർക്ക് "ദൈവകൃപ" ലഭിച്ചതുകൊണ്ട് യെരുശലേം സഭ ബർന്നബാസിനെ അന്ത്യോക്യയിലെ ക്രിസ്ത്യാനികളെ പ്രബോധിപ്പി ക്കുവാൻ അയച്ചപ്പോൾ സന്തോഷിക്കുകയുണ്ടായി (പ്രവൃ. 11:22, 23).
- "ദൈവ കൃപയിൽ" തുടരുവാനായിരുന്നു പൗലൊസും ബർന്നബാസും തങ്ങളുടെ ആദ്യ മിഷണറി യാത്രയിൽ അന്ത്യോക്യയിലുള്ള ക്രിസ്ത്യാ

നികളെ പ്രബോധിപ്പിച്ചത് (പ്രവൃ. 13:43). ഇക്കോന്യയിൽ "അവന്റെ കൃപയുടെ വചനം" സാക്ഷ്യപ്പെടുത്തുവാൻ അവർക്ക് അത്ഭുതങ്ങളും അടയാളങ്ങളും ചെയ്യുവാൻ ശക്തി കൊടുത്തു (പ്രവൃ. 14:3). അന്ത്യോക്യാസഭ അവരെ "ദൈവകൃപയിൽ" ഭരമേൽപ്പിച്ചു (പ്രവൃ. 14:26).

- യെഹൂദന്മാർ രക്ഷിക്കപ്പെട്ടതുപോലെ ജാതികൾക്കും "കർത്താവായ യേശുവിന്റെ കൃപ" ലഭിച്ചതായി പത്രൊസ് പറഞ്ഞു (പ്രവൃ. 15:11).
- പൗലൊസിനെയും ശീലാസിനെയും രണ്ടാമത്തെ മിഷ്ണറിയാത്രക്ക് അയച്ചപ്പോൾ, അവർ സഹോദരന്മാരെ "കർത്താവിന്റെ കൃപയിൽ" ഭരമേൽപിച്ചു (പ്രവൃ. 15:40).
- "കൃപ" മുഖാന്തരം വിശ്വസിച്ചവരെ അപ്പൊല്ലൊസ് വളരെ അധികം സഹായിച്ചു (പ്രവൃ. 18:27).
- "എന്റെ ഓട്ടവും ദൈവകൃപയുടെ സുവിശേഷത്തിനു സാക്ഷ്യം പറയേണ്ടതിനു" ആഗ്രഹിച്ചിരുന്നതായി പൗലൊസ് എഫേസ്യ മൂപ്പന്മാരോടു പറഞ്ഞു (പ്രവൃ. 20:24) അവരെ "അവന്റെ കൃപയിൽ" ഭരമേൽപ്പിക്കയും ചെയ്തു (പ്രവൃ. 20:32).

പ്രവൃത്തികളുടെ പുസ്തകത്തിൽ രേഖപ്പെടുത്തിയ പ്രസംഗത്തിൽ "കൃപ" എന്ന വാക്ക് ഉൾപ്പെടുത്തിയില്ലയെങ്കിലും, അതിലെ സന്ദേശത്തിൽ പാപമോചനം, രക്ഷ, നീതീകരണം യേശു മുഖാന്തരവും അവന്റെ നാമത്തിലും ആണ് എന്ന് ഊന്നി പറഞ്ഞിരിക്കുന്നു (പ്രവൃ. 3:19; 4:12; 10:43; 13:26, 39; 16:31, 32; 22:16). യേശുമൂലമുള്ള ദൈവത്തിന്റെ പാപ മോചനം പ്രസംഗിക്കുമ്പോഴെല്ലാം "കൃപ" എന്ന് എടുത്തു പറഞ്ഞില്ലെങ്കിലും അത് അന്തർലീനമായിരിക്കുന്നു.

കൊലൊസ്യർ ആ കൃപ "മനസിലാക്കി" എന്നാണ് പൗലൊസ് പറഞ്ഞത് "അറിഞ്ഞു" (*എപിജിനോസ്കോ*) എന്നത് ഉപസർഗ്ഗ പദമായ *എപി*, "മേൽ" എന്നും *നോസിസ്*, "അറിയുക" എന്നീ വാക്കുകൾ സംയോജിപ്പിച്ചതാണ്. ബുദ്ധിപരമായി അറിയുക എന്നതിലുപരിയാണ് ആ വാക്കിന്റെ അർത്ഥം. ഉപദേശത്താലും അനുഭവത്താലും പൂർണ്ണമായി അറിയുക എന്നർത്ഥം. അടിസ്ഥാനപരമായ ആശയത്തെക്കുറിച്ച് പൂർണ്ണമായ അറിവിനെക്കുറിച്ചാണ് പൗലൊസ് അവിടെ പറഞ്ഞത് (റോമ. 1:28; എഫെ. 1:17; 4:13; കൊലൊ. 3:10; 1 തിമൊ. 2:4). ക്രിസ്തുവിന്റെ ജീവനുള്ള സന്ദേശം കേട്ട് കൊലൊസ്യർ സുവിശേഷത്തിന്റെ മുകൾഭാഗത്തെ അറിവു മാത്രം സ്വീകരിക്കുന്നതിനു പകരം സുവിശേഷത്തിന്റെ ആഴമേറിയ അർത്ഥം മനസിലാക്കി.

സുവിശേഷം മനസിലാക്കാവുന്നതാണ്. അതിന്റെ തെളിവാണ് കൊലൊസ്യർ. അവർ അത് കേൾക്കുകയും മനസിലാക്കുകയും ചെയ്തിരുന്നു. താൻ എഴുതിയത് എഫെസ്യർ മനസ്സിലാക്കണമെന്ന് പൗലൊസ് ആഗ്രഹിച്ചു. അവൻ പറഞ്ഞു, "... നിങ്ങളിതു വായിച്ചാൽ, എനിക്ക് ക്രിസ്തുവിനെക്കുറിച്ചുള്ള മർമ്മം നിങ്ങൾക്കു ഗ്രഹിക്കാം" (എഫെ. 3:4). കൊരിന്ത്യരോട് അവൻ ഉറപ്പിച്ചു പറഞ്ഞു, "നിങ്ങൾ വായിക്കുന്നതും ഗ്രഹിക്കുന്നതും അല്ലാതെ മറ്റൊന്നും ഞങ്ങൾ നിങ്ങൾക്കു എഴുതുന്നില്ല" (2 കൊ. 1:13).

"യഥാർത്ഥത്തിൽ" അവർ കേട്ടറിഞ്ഞു എന്നു പറഞ്ഞതിനാൽ, ദൈവകൃപയുടെ അർത്ഥം അവർ വാസ്തവത്തിൽ അറിയുകയും അനുഭവിക്കുകയും ചെയ്തു എന്നാണ് പൗലൊസ് അർത്ഥമാക്കിയത്. കൃപയെക്കുറിച്ച് അവർ ബുദ്ധിപരമായി അറിയുന്നതിനു പുറമേ, അവർ ദൈവത്തിന്റെ കൃപ

യുടെ അനുഗ്രഹങ്ങൾ അവരുടെ ജീവിതത്തിൽ അവർ തിരിച്ചറിഞ്ഞു. വെറും കാഴ്ച്ചയാലല്ല, "യഥാർത്ഥത്തിൽ" കൃപയുടെ അർത്ഥം അവർ മനസിലാക്കി.

### എപ്പഫ്രാസിന്റെ വിവരണം (1:7, 8)

**[7]ഇങ്ങനെ നിങ്ങൾ ഞങ്ങളുടെ പ്രിയ സഹഭൃത്യനായ എപ്പഫ്രാസിനോടു പഠിച്ചിട്ടുണ്ടല്ലോ; [8]അവൻ നിങ്ങൾക്കു വേണ്ടി ക്രിസ്തുവിന്റെ വിശ്വസ്ത ശുശ്രൂഷകനും നിങ്ങൾക്കു ആത്മാവിനാലുള്ള സ്നേഹം ഞങ്ങളോടു അറിയിച്ചവനും ആകുന്നു.**

**"എപ്പഫ്രാസിനോടു പഠിച്ചിട്ടുണ്ടല്ലോ" (1:7)**

കൊലൊസ്യരെ പഠിപ്പിച്ച സന്ദേശ വാഹകനായിരുന്നു **എപ്പഫ്രാസ്**. ആ സഹോദരൻ സത്യം മനസിലാക്കിയത് ഒരുപക്ഷെ പൗലൊസ് അവനെ പഠിപ്പിച്ചിട്ടാകാം, അല്ലെങ്കിൽ പരിശുദ്ധാത്മാവിനാൽ നേരിട്ട് ലഭിച്ചതുമാകാം. പൗലൊസിന്റെ കൈവെപ്പിനാൽ അവന് പരിശുദ്ധാത്മാവിന്റെ വരവും ലഭിച്ചിരിക്കാം.

എല്ലാവരും പഠിക്കുന്ന അതേ രീതിയിലാണ് കൊലൊസ്യർ സുവിശേഷ സത്യം **പഠിച്ചത്**. ആരംഭത്തിൽ, അത് വ്യാപിച്ചത് ഉപദേശിക്കയും പഠിപ്പിക്കയും ചെയ്തതിനാലാണ്. അത് എഴുതിയ ശേഷം, സത്യം വായിച്ചു മനസിലാക്കുവാൻ കഴിയുന്നു (എഫെ. 3:3–5).

പരിശുദ്ധാത്മാവോ, അല്ലെങ്കിൽ ദൂതന്മാരോ കൊലൊസ്യരോട് സുവിശേഷം പ്രസംഗിച്ചില്ല (1 പത്രൊ. 1:10–12). പരിശുദ്ധാത്മാവിനാലായിരുന്നു യേശു അപ്പൊസ്തലന്മാർക്കും പുതിയ നിയമ പ്രവാചകന്മാർക്കും സത്യം വെളിപ്പെടുത്തിക്കൊടുത്തത് (യോഹ. 14:26). അവസാന അത്താഴ സമയത്ത്, യേശു അപ്പൊസ്തലന്മാരോടുകൂടെ ഉണ്ടായിരുന്നപ്പോൾ, പരിശുദ്ധാത്മാവ് മുഖാന്തരമുള്ള വെളിപ്പാട് അവൻ വാഗ്ദാനം ചെയ്തു. ആ പ്രസ്താവനകൾ ആ സന്ദർഭത്തിൽ പ്രത്യേകമായി അവരോട് മാത്രമുള്ളതായിരുന്നു: "ഞാൻ നിങ്ങളോടുകൂടെ വസിക്കുമ്പോൾ ഇതു നിങ്ങളോടു സംസാരിച്ചിരിക്കുന്നു" (യോഹ. 14:25); "നിങ്ങളും ആദിമുതൽ എന്നോടുകൂടെ ഇരിക്കകൊണ്ട് സാക്ഷ്യം പറവിൻ" (യോഹ. 15:27); "ഇനിയും വളരെ നിങ്ങളോടു പറവാൻ ഉണ്ടു; എന്നാൽ നിങ്ങൾക്കു ഇപ്പോൾ വഹിപ്പാൻ കഴിവില്ല" (യോഹ. 16:12).

അപ്പൊസ്തലന്മാരും പുതിയ നിയമ പ്രവാചകന്മാരും സത്യം സൂക്ഷിച്ചിരുന്നവരായിരുന്നതിനാൽ, അവരിൽ നിന്നായിരുന്നു ഉപദേഷ്ടാക്കന്മാർക്ക് വിവരം ലഭിച്ചത്. പൗലൊസ് തിമൊഥെയൊസിനെ പഠിപ്പിച്ചത്, അവൻ മറ്റുള്ളവരേയും ഉപദേശിച്ച്, അവർ മറ്റുള്ളവരേയും ഉപദേശിക്കേണ്ടതാണെന്ന് പൗലൊസ് പ്രബോധിപ്പിച്ചു (2 തിമൊ. 2:2). സഭയുടെ അടിസ്ഥാനത്തിൽ അപ്പൊസ്തലന്മാരും പ്രവാചകന്മാരും ഉണ്ടാകുകയും (എഫെ. 2:20) കർത്താവിന്റെ കല്പനകൾ അവർ എഴുതുകയും ചെയ്തു (1 കൊ. 14:37).

"എപ്പഫ്രാസ്" എന്ന പേർ എപ്പഫ്രോദിത്തോസിന്റെ ചുരുക്കപ്പേരാണ്, അത് ലാറ്റിനിൽ "വെനുസ്തസ്" എന്ന പേരിനോട് യോജിക്കുന്നു (അർത്ഥം "സുമുഖനായ" അല്ലെങ്കിൽ "മനം കവരുന്ന"). നീണ്ട പേരുള്ള കൂട്ടുകാരൻ പൗലൊസിനോടുകുടെ യാത്ര ചെയ്തിരുന്നു–പൗലൊസ് അവനെ ഫിലിപ്പിയയിലേക്ക് അയച്ചു (ഫിലി. 2:25; 4:18). ഈ എപ്പഫ്രാസും, എപ്പഫ്രോദിത്തോസും തമ്മിൽ തെറ്റിദ്ധരിക്കപ്പെടരുത്, കാരണം ലേഖനം കൊലൊസ്യയിൽ ഉള്ള

വർക്കായിരുന്നു. എപ്പഫ്രാസായിരിക്കാം കൊലൊസ്യയിലേക്ക് ആദ്യം സുവിശേഷം എത്തിച്ചത്. അവൻ പൗലൊസ് കൊലൊസ്യർക്കും ഫിലെമോനും ലേഖനങ്ങൾ എഴുതിയപ്പോൾ റോമിൽ പൗലൊസിനോടുകൂടെ ആയിരുന്നു. എപ്പഫ്രാസിൽനിന്നായിരുന്നു കൊലൊസ്യ, ലവോദിക്യ, ഹിരാപ്പൊലി, എന്നീ സഭകളിൽ നിന്നും പൗലൊസിന് വിവരങ്ങൾ ലഭിച്ചത്. ഒരുപക്ഷെ പൗലൊസ് എഫെസോസിൽ സുവിശേഷ വേല ചെയ്തുകൊണ്ടിരുന്നപ്പോൾ, എപ്പഫ്രാസായിരിക്കാം ആ പട്ടണങ്ങളിൽ സുവിശേഷം പ്രസംഗിച്ചിരുന്നത് (പ്രവൃ. 19:10 നോക്കുക). പൗലൊസ് റോമിൽ തടവിലായിരുന്നപ്പോൾ, അവൻ കൃത്യമായും റോമിലേക്ക് യാത്രചെയ്ത് സഭകളുടെ അവസ്ഥകൾ അറിയിക്കുകയും പൗലൊസിനോടുകൂടെ ആയിരിപ്പാൻ ആഗ്രഹിക്കുകയും ചെയ്തു.

ക്രിസ്തുവിലുള്ള എപ്പഫ്രാസിന്റെ സേവനവും സമർപ്പണവും വലുതായിട്ടായിരുന്നു പൗലൊസ് കണക്കാക്കിയിരുന്നത്. അവൻ അവനെ "എന്റെ സഹതടവുകാരൻ" എന്നും (ഫിലെ. 23), "പ്രിയ സഹ-ഭൃത്യനും, ക്രിസ്തുവിന്റെ വിശ്വസ്ത ശുശ്രൂഷകനും" എന്നുമാണ് വിളിച്ചത് (കൊലൊ. 1:7), "യേശുക്രിസ്തുവിന്റെ ദാസൻ" ആയിരുന്നു അവൻ (കൊലൊ. 4:12). പൗലൊസ് തന്നെക്കുറിച്ച് "ദാസൻ" എന്ന് പല പ്രാവശ്യം പറഞ്ഞിട്ടുണ്ട്, മറ്റുള്ളവരെ സംബന്ധിച്ച് രണ്ടു പ്രാവശ്യമാണ് പറഞ്ഞിരിക്കുന്നത്-എപ്പഫ്രാസ് (4:12), തിമൊഥെയോസ് (ഫിലി. 1:1).

### "നമ്മുടെ പ്രിയ സഹ-ഭൃത്യൻ" (1:7)

ക്രിസ്ത്യാനികളോടും തന്നോടുകൂടെ പ്രവർത്തിച്ചവരോടും കാണിച്ച അതേ പ്രത്യേക സ്നേഹമായിരുന്നു പൗലൊസ് എപ്പഫ്രാസിനോടും കാണിച്ചത്. തന്റെ സഹപ്രവർത്തകരെക്കുറിച്ചു പറയുമ്പോൾ അവൻ **പ്രിയ** (*അഗപ്പെറ്റൊസ്*) എന്ന വാക്ക് പലപ്പോഴും ഉപയോഗിച്ചിരിക്കുന്നു: എപ്പെനത്തൊസ് (റോമ. 16:5), അംപ്ലിയാത്തൊസ് (റോമ. 16:8), സ്താക്കു (റോമ. 16:9), പെർസിസ് (റോമ. 16:12), തിമൊഥെയൊസ് (1 കൊ. 4:17; 2 തിമൊ. 1:2), തിഹിക്കൊസ് (കൊലൊ. 4:7; എഫെ. 6:21), ഒനേസിമോസ് (കൊലൊ. 4:9), ലൂക്കൊസ് (കൊലൊ. 4:14), ഫിലെമൊൻ (ഫിലെ. 1). വിവിധ ഇടവകകൾക്ക് എഴുതുമ്പോൾ, അവൻ പലപ്പോഴും "പ്രിയ" എന്നാണ് അവരുടെ പേരിനെ വിശേഷിപ്പിച്ചത്. പൗലൊസ് റോമിൽ ആയിരുന്നില്ലെങ്കിലും, റോമയിലുള്ള സഭയെ "പ്രിയ" എന്നാണ് വിശേഷിപ്പിച്ചത് (റോമ 1:2 19) റോമയിലുള്ള ആളുകളെ അറിയാം എന്ന സൂചനയിലാണ് ആ ഇടവകക്ക് എഴുതുമ്പോൾ പൗലൊസ് വ്യക്തിപരമായ വന്ദനം പറഞ്ഞിരിക്കുന്നത്. അവൻ വ്യക്തിപരമായി പലരേയും **കണ്ടി**ട്ടില്ലാത്തതുകൊണ്ടായിരിക്കാം കൊലൊസ്യർക്കു ലേഖനമെഴുതുമ്പോൾ, "പ്രിയ" എന്ന വാക്ക് ഉപയോഗിക്കാതിരുന്നത്.

പൗലൊസിന്റെ വാക്കുകളിൽ, എപ്പഫ്രാസ് ഒരു **ദാസൻ** (*സൺ ഡൗലൊസ്*), അത് *സൺ*, "കൂടെ," എന്നും *ഡൗലൊസ്*, "ദാസൻ" എന്നും രണ്ടുവാക്കുകൾ സംയോജിപ്പിച്ചതാണ്. അവൻ പൗലൊസിനോടുകൂടെ പ്രവർത്തിച്ചിരുന്നു, അവനെ യേശുവിന്റെ ഒരു ദാസനായിട്ടാണ് കണക്കാക്കിയിരുന്നത്-അതായത് അവൻ തനിക്കു തന്നെ ഉള്ളവനായിരുന്നില്ല, ക്രിസ്തുവിനുള്ളവനായിരുന്നു. അവൻ കൊരിന്ത്യരെ അപ്രകാരമാണെന്നാണ് ഉറപ്പിച്ചിരുന്നത് (1 കൊ. 6:19). അവർ ക്രിസ്തുവിൻെറ സഭയിലെ അംഗങ്ങളായത്, അവരെ അവൻ തന്റെ രക്തത്താൽ സംമ്പാദിച്ചതുകൊണ്ടാണ് (പ്രവൃ. 20:28). താൻ യേശുവിനെ ഒരു

ദാസനായി സേവിച്ചതുപോലെ എപ്പഫ്രാസും യേശുവിന്റെ ഒരു ദാസനായിട്ടാണ് പൗലൊസ് കണക്കാക്കിയത്.

യേശു ഒരു ഉപമയിൽ **മതപരമല്ലാത്ത** അർത്ഥത്തിലും കൂട്ടു ദാസന്മാർ എന്നു പറഞ്ഞിരുന്നു (മത്താ. 18:28–33), തന്റെ രണ്ടാം വരവിനെക്കുറിച്ചു പറഞ്ഞപ്പോഴും അങ്ങനെ ഉപയോഗിച്ചിരുന്നു (മത്താ. 24:44). പൗലൊസിന്റെ എഴുത്തുകളിൽ ഈ പ്രയോഗം മറ്റു ഭാഗത്ത് പ്രയോഗിച്ചിരിക്കുന്നത് തിഹിക്കൊസിനെ വിശേഷിപ്പിക്കുവാനാണ്.

### "ഇങ്ങനെ നിങ്ങൾ ഞങ്ങളുടെ പ്രിയ സഹഭൃത്യനായ" (1:7)

ഒരു ***വിശ്വസ്ത ശുശ്രൂഷകൻ*** എന്നാണ് പൗലൊസ് എപ്പഫ്രാസിനെ വിശേഷിപ്പിച്ചത്. "വിശ്വസ്തൻ" (*പിസ്തോസ്*) സാധാരണ വിവരിക്കുന്നത് ആളുകളോടും മറ്റും നിരന്തര സേവനം നടത്തുന്നതിനു ആണ് ഉദ്ദേശിക്കുന്നത് (മത്താ. 24:45; 25:21; ലൂക്കൊ. 12:42) അല്ലെങ്കിൽ ദൈവത്തെ സേവിക്കുന്നതിനു (1 കൊ. 1:9). ഒരാളോട് വിശ്വസ്തനായിരിക്കുന്നതിനെ പറയുമ്പോൾ, സമർപ്പണ സേവനത്തെയാണ് അർത്ഥമാക്കുന്നത്. അതിനെ വിശ്വാസ്യത എന്നും പറയാം, ഉദാഹരണമായി "വിശ്വാസ യോഗ്യമായ പ്രസ്താവന" (1 തിമൊ. 1:15; 3:1). ചില കാര്യങ്ങളിൽ ദൈവത്തോട് വിശ്വസ്തനായിരിക്കുന്നു എന്നു പറയുമ്പോൾ, അത് ക്രിസ്ത്യാനിയെയാണ് ഉദ്ദേശിക്കുന്നത് (ഉദാഹരണമായി 1 തിമൊ. 1:12 നോക്കുക).

"സെർവന്റ്" എന്നത് "ബോണ്ട്-സെർവന്റ്" എന്ന് വാക്യം 7 ൽ പറഞ്ഞിരിക്കുന്നതിൽ നിന്നും വ്യത്യസ്തമാണ്. ഇവിടെ "ശുശ്രൂഷകൻ" (*ഡയാക്കൊണൊസ്*) അർത്ഥം ഒരാൾ കീഴ്പ്പെട്ട് സേവിക്കുക എന്നതാണ്. ഒരാൾ പൊതുവായി ശുശ്രൂഷിക്കുകയോ അല്ലെങ്കിൽ മറ്റുള്ളവരെ ശുശ്രൂഷിക്കുന്നതിനോ ഉപയോഗിച്ചിരിക്കുന്നു (മത്താ. 20:26; 23:11) –അത് ദാസന്മാരായിട്ടാണ് (മത്താ. 22:13; യോഹ. 2:5), ഗവൺമെന്റിനെ സേവിക്കുന്നതു (റോമ. 13:4), ദൈവത്തെ സേവിക്കുന്നതു (2 കൊ. 6:4), സാത്താനെ സേവിക്കുന്നത് (2 കൊ. 11:15), ശുശ്രൂഷകന്മാരായി സേവിക്കുന്നതു (ഫിലി. 1:2; 1 തിമൊ. 3:8, 12). പൗലൊസ് അതേ വാക്ക് തന്നെക്കുറിച്ച് പറയുവാൻ ഉപയോഗിച്ചിരിക്കുന്നതിനാൽ (കൊലൊ. 1:23), എപ്പഫ്രാസ് ഒരു ശുശ്രുഷകനായി സേവ ചെയ്തു എന്നു അനുമാനിക്കുക പ്രയാസമാണ്. അതേ അർത്ഥമുള്ള മറ്റൊരു ഗ്രീക്ക് വാക്കാണ് *ഡയാക്കോനിയ* ("ശുശ്രൂഷ" എന്ന് തർജ്ജിമ ചെയ്തിരിക്കുന്നു), അത് ശുശ്രൂഷകന്മാരുടെ ഉദ്യോഗത്തിന് ഒരിക്കലും ഉപയോഗിച്ചിട്ടില്ല (പ്രവൃ. 1:17; 6:4; കുടാതെ റോമ. 12:7 നോക്കുക, അവിടെ ഈ വാക്കിന്റെ മറ്റൊരു തർജ്ജിമയാണ് "സേവനം" എന്നും "സേവിക്കൽ" എന്നും).

ക്രിസ്തുവിന്റെ വിശ്വസ്ത ദാസൻ എന്ന നിലയിൽ എപ്പഫ്രാസ് പൗലൊസിനെ സഹായിക്കയും പിൻതുണക്കുകയും ചെയ്തിരുന്നു. പൗലൊസിനെ സഹായിക്കുന്നതോടൊപ്പം താൻ ആരോടെല്ലാം പ്രസംഗിച്ചിരുന്നോ അവരേയും സഹായിച്ചിരുന്നു.

"നിങ്ങൾക്കുവേണ്ടി ക്രിസ്തുവിന്റെ വിശ്വസ്ത ശുശ്രൂഷകനും" എന്ന പ്രയോഗത്തോടുകൂടി ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്ന **നമ്മുടെ** (*ഹെമോൺ*) എന്ന വാക്ക് വിവിധ രീതിയിലാണ് കാണുന്നത് ചില തർജ്ജിമകളിൽ "ഞങ്ങൾക്കുവേണ്ടി" എന്നാണ് (എൻഎഎസ്ബി; എൻഐവി; എൻഇബി;

റ്റിഇവി; എഎസ്‌വി; ആർഎസ്‌വി), മറ്റുള്ളവയിൽ "നിങ്ങൾക്കുവേണ്ടി" എന്നു തർജ്ജിമ ചെയ്തിരിക്കുന്നത് *ഹുമോൺ* (കെജെവി; സിഇബി). നാലാമത്തെ, തിരുത്തിയ *ഗ്രീക്ക് ന്യൂ ടെസ്റ്റമെന്റ്* എഡീഷനിൽ, *ഹൂമോൺ*, "നിങ്ങൾ."[14] ആധികാരികത ഉറപ്പില്ലായ്കയാൽ, രണ്ടും സ്വീകരിക്കാവുന്നതാണ്. രണ്ടു തർജിമകളിലും അർത്ഥത്തിനു വലിയ വ്യത്യാസം വരുന്നില്ല. *ഹൂമോൺ* ആണ് ശരിയായ വാക്ക് എങ്കിലും, എപ്പഫ്രാസ് പൗലൊസിനെ സുവിശേഷ പ്രസംഗത്തിന് സഹായിച്ചിരുന്നു, അത് പൗലൊസിന്റെ വേലക്കും അവന്റെ പ്ര സംഗം കേട്ടവർക്കും പ്രയോജനപ്പെട്ടിരിക്കും. *ഹെമോൺ* ആണ് ശരിയെങ്കിൽ, കൊലൊസ്യരോടുള്ള ക്രിസ്തുവിന്റെ സന്ദേശ വാഹകനായ എപ്പഫ്രാസിനെ പൗലൊസ് പൂർണ്ണമായും അംഗീകരിച്ചിരുന്നു എന്നാണ് സൂചിപ്പിക്കുന്നത്.

### "നിങ്ങൾക്ക് ആത്മാവിനാലുള്ള സ്നേഹം ഞങ്ങളോട് അറിയിച്ചവനും" (1:8)

കൊലൊസ്യർ എപ്പഫ്രാസിൽ നിന്നാണ് ദൈവകൃപ മനസിലാക്കിയത്. അവൻ അവരെ ഉപദേശിക്കുക മാത്രമല്ല, അവരെക്കുറിച്ചുള്ള നല്ല വിവര ണവും അവൻ കൊണ്ടുവന്നു. അവൻ പൗലൊസിനും തിമൊഥെയോസിനും കൊണ്ടുവന്ന വിവരങ്ങളിൽ കൊലൊസ്യരുടെ ആത്മീയ വളർച്ചയും സ്നേ ഹവും ഉൾപ്പെട്ടിരുന്നു. ഏതാനും വാക്യങ്ങൾക്കു മുമ്പു (1:4), സകല വിശുദ്ധ ന്മാരോടുമുള്ള അവരുടെ സ്നേഹത്തെ പൗലൊസ് അനുമോദിച്ചു. ഇപ്പോൾ അവൻ ആ വിവരണത്തിന്റെ ഉറവിടത്തെ വ്യക്തമാക്കി-എപ്പഫ്രാസിൽ നി ന്നാണ് വിവരം ലഭിച്ചത്.

കൊലൊസ്യരുടെ ആത്മാവിൽ ഉള്ള സ്നേഹത്തെക്കുറിച്ച് പറയുമ്പോൾ, പൗലൊസ് അർത്ഥമാക്കിയത് പരിശുദ്ധാത്മാവാണ്? മിക്ക ഇംഗ്ലീഷ് തർജ്ജി മകളിലും വലിയ അക്ഷരത്തിലാണ് "ആത്മാവ്" (*ന്യൂമാ*) എന്ന് വാക്യം 8 ൽ പറഞ്ഞത്, അതിനർത്ഥം പൗലൊസ് പറഞ്ഞത് പരിശുദ്ധാത്മാവാണെന്ന് അവർ വിശ്വസിച്ചു. കൊലൊസ്യർ 2:5-ൽ, ഗ്രീക്കിൽ ആർട്ടിക്കിൾ "ദ" ഉപയോഗിച്ചിരി ക്കുന്നു,[15] പൗലൊസിന്റെ ആത്മാവാണ് പറഞ്ഞിരിക്കുന്നതെന്ന് ചിന്തിക്കുക. കൊലൊസ്യ ലേഖനത്തിൽ ആ രണ്ട് ഭാഗത്തു മാത്രമാണ് *ന്യൂമാ* കാണുന്നത്. വാക്യം 8 ൽ പരിശുദ്ധാത്മാവിനെക്കുറിച്ചല്ലാ പറഞ്ഞതെങ്കിൽ, പിന്നെ ഈ ലേഖനത്തിൽ പൗലൊസ് പരിശുദ്ധാത്മാവിനെക്കുറിച്ച് പറഞ്ഞിട്ടില്ല.

പൗലൊസ് തന്റെ ലേഖനത്തിൽ പരിശുദ്ധാത്മാവിനെക്കുറിച്ച് പറയു മ്പോൾ, ഗ്രീക്ക് വേദപുസ്തകത്തിൽ പൗലൊസ് സാധാരണ "ആത്മാവ്" എന്നതിനോട് വിശേഷണമായി "പരിശുദ്ധ" എന്നും ചേർത്തിരിക്കുന്നു (റോമ. 5:5; 9:1) അല്ലെങ്കിൽ "ആത്മാവ്" എന്നതിനു മുമ്പ് ആർട്ടിക്കിൾ ഉപ യോഗിച്ചിരിക്കുന്നു (റോമ. 2:29; 8:26, 27; ഗലാ. 3:2; 5:22). അവൻ ആർട്ടിക്കിൾ എല്ലായിപ്പോഴും സ്ഥിരമായി ഉപയോഗിച്ചിട്ടില്ല, എങ്ങനെയായാലും (എഫെ. 3:5 ഉം 4:4 ഉം താരതമ്യം ചെയ്യുക). അക്കാരണത്താൽ തർജ്ജിമക്കാർ, ആ ആർട്ടിക്കിൾ ഉപയോഗിക്കാത്ത സ്ഥാനത്ത് തീരുമാനം എടുക്കണം. വില്യം ഹെൻഡ്രിക്സൺ താഴെ കാണുന്ന നിരീക്ഷണം നടത്തി:

> [വാക്യം 8-ൽ] പറയുന്നതിന്റെ അർത്ഥം പരിശുദ്ധാത്മാവിനെ കൂടാതെ ഉള്ള "ആത്മീയ സ്നേഹം" എന്നെടുത്താൽ അത്തരം വേദഭാഗങ്ങളായ റോമ. 15:30; ഗലാ. 5:22; എഫെ. 3:16, 17 എന്നിവ അതിന് വിപരീതമായി

തീർന്നേക്കാം. ആത്മാവ് വസിക്കുന്നതിന്റെ ഫലമായി ഉണ്ടാകുന്നതാണ് ക്രിസ്തീയ സ്നേഹം.[16]

വാക്യം 8 ൽ പൗലൊസ് അർത്ഥമാക്കിയത് പരിശുദ്ധാത്മാവാണെങ്കിൽ കൊലൊസ്യർ ആത്മാവിന്റെ ഫലം പുറപ്പെടുവിക്കുന്നു എന്ന് തീർച്ചപ്പെടുത്താവുന്നതാണ്. അവരിൽ ആത്മാവിന്റെ ഫലങ്ങളായ സ്നേഹവും ഉണ്ടായിരുന്നു (എഫെ. 5:9).

ഗ്രീക്ക് വേദപുസ്തകത്തിൽ, "ആത്മാവ്" എന്നതിനു മുൻപ് ആർട്ടിക്കിൾ ഉപയോഗിക്കാതിരുന്നതിനാൽ, പൗലൊസ് ഉദ്ദേശിച്ചത് "പരിശുദ്ധാത്മാവിനു" പകരം (മനുഷ്യാത്മാവാണ്). അറിയ-പ്പെടുന്ന മിക്ക തർജിമകളിലും "ആത്മാവിൽ" എന്നാണ്. മറ്റുള്ള തർജിമകളിൽ "ആത്മാവിൽ ഉള്ള സ്നേഹം"[17] എന്നും "നിങ്ങളുടെ ആത്മിയമായ പ്രതിപത്തി"[18] എന്നും കാണാം.

പൗലൊസ് അർത്ഥമാക്കിയത് ''ആത്മാവിൽ'' ആണെങ്കിൽ, യേശു നമസ്ക്കാരവുമായുള്ള ബന്ധത്തിൽ, യോഹന്നാൻ 4:23, 24-ൽ പറഞ്ഞ "ആത്മാവിൽ" എന്ന അതേ അർത്ഥത്തിലായിരിക്കണം, അവിടെ പല തർജിമകളിലും, "ആത്മാവിൽ" എന്നാണ് (കെജെവി; എൻഏഎസ്ബി; എൻഐവി; എൻകെജെവി; എൻആർഎസ്വി; ആർഎസ്വി). അതായത്, അവരുടെ സ്നേഹം ബാഹ്യപ്രകടനമായിരുന്നില്ല, മനുഷ്യാത്മാവിന്റെ ഉള്ളിൽനിന്നു വരുന്നതായിരുന്നു. അവരുടെ സ്നേഹം ആത്മാർത്ഥമായിരുന്നു എന്നാണ് അത് തെളിയിക്കുന്നത്.

## പ്രായോഗികത

### സ്തോത്രമെന്ന പ്രാർത്ഥന (1:3–6)

പലപ്പോഴും നമ്മുടെ പ്രാർത്ഥന സ്വാർത്ഥമാകാറുണ്ട്. മറ്റുള്ളവർക്ക് വേണ്ടി നാം നന്ദി ചെലുത്തുന്നതിനു പകരം നമ്മെ അനുഗ്രഹിക്കണമേ എന്ന ആവശ്യത്തിൽ മാത്രം ഒതുങ്ങി പോകും. യേശുവിന്റെ പ്രാർത്ഥന അധികവും തനിക്കു വേണ്ടി ആയിരുന്നില്ല, മറ്റുള്ളവർക്ക് വേണ്ടിയായിരുന്നു (ലൂക്കൊ, 22:31, 32; യോഹ. 17:6–26; ലൂക്കൊ. 23:34). താൻ അവർക്ക് വേണ്ടി ദൈവത്തിനു സ്തോത്രം ചെയ്യുന്നുണ്ടെന്ന് കൊലൊസ്യർ അറിയുവാൻ പൗലൊസ് ആഗ്രഹിച്ചു.

(1) *അവരുടെ വിശ്വാസത്തിനും സ്നേഹത്തിനും അവൻ നന്ദിയുള്ളവനായിരുന്നു.* ക്രിസ്തിയ വിശ്വാസം അന്ധമായ ഒന്നല്ല, മറിച്ച് തെളിവുകളുടെ അടിസ്ഥാനത്തിലുള്ള വിശ്വാസമാണ്. പ്രപഞ്ചം മുഴുവൻ രൂപത്തിന്റെ തെളിവുണ്ട്, അതുകൊണ്ട് അതിനു നിർമ്മാതാവും ഉണ്ട് (സങ്കീ. 19:1; റോമ. 1:19, 20; എബ്രാ. 3:4). തന്റെ അസ്തിത്വത്തിൽ ഒരാൾക്ക് വിശ്വസിക്കാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ സാധ്യമല്ല. വിശ്വാസത്താലും കൃപയാലുമാണ് രക്ഷ വരുന്നത് (എഫെ. 2:8, 9), വിശ്വാസം മൂലമാണ് അവന്റെ കൃപയിലേക്ക് നമുക്ക് പ്രവേശിക്കുവാൻ കഴിയുന്നത് (റോമ. 5:1, 2). അതായത്, ദൈവത്തിൽ നിന്നുള്ള ആനുകൂല്യം നമ്മുടെ യോഗ്യതയാൽ ലഭിക്കുന്നതല്ല.

പ്രവൃത്തിയില്ലാത്ത വിശ്വാസം നമ്മെ രക്ഷിക്കുന്നില്ല; സ്നേഹത്താലാണ് അത് പ്രാവർത്തികമാകുന്നത് (ഗലാ. 5:6), കാരണം പ്രവൃത്തിയില്ലാത്ത വിശ്വാസം നിർജ്ജീവമാണ് (യാക്കൊ. 2:17, 26). വചനത്താലാണ് വിശ്വാസത്തെ

വളർത്തി വർദ്ധിപ്പിക്കേണ്ടത് (റോമ. 10:17). നമ്മുടെ വിശ്വാസം വർദ്ധിപ്പിക്കുവാൻ ബെരോവയിലുള്ള ആളുകൾ ചെയ്തതുപോലെ നാം ദിവസവും വചനം വായിക്കണം (പ്രവൃ. 17:10, 11). ശിശുക്കൾ പാൽ കുടിക്കുവാൻ ആഗ്രഹിക്കുന്നതുപോലെ, തിരുവെഴുത്തുകൾ പഠിക്കുവാൻ നമുക്ക് വാഞ്ഛ ഉണ്ടായിരിക്കണം (1 പത്രൊ. 2:2), കാരണം ഭൗതികമായ അപ്പം കൊണ്ട് മാത്രം നമുക്ക് ജീവിക്കുവാൻ സാധ്യമല്ല. ദൈവവചനം എന്ന ആത്മിയമായ ആഹാരവും നമുക്ക് ആവശ്യമാണ് (മത്താ. 4:4).

നമ്മുടെ വിശ്വാസത്തോട് നാം ക്രിസ്തീയ ഗുണങ്ങൾ കൂട്ടിച്ചേർക്കണം; ആ ഗുണങ്ങളിൽ ഏറ്റവും ഉയർന്നതാണ് സ്നേഹം (2 പത്രൊ. 1:5–7). അത് നമുക്കു വേണ്ടി എന്തു ചെയ്യുന്നു എന്നതിനാലാണ് സ്നേഹം ഏറ്റുവും ശ്രേഷ്ഠമാകുന്നത്. അത് നമ്മെ ദൈവത്തെ അനുസരിക്കുവാൻ പ്രേരിപ്പിക്കുന്നു (യോഹ. 14:15, 21, 23), ക്രിസ്തീയ സ്വഭാവം വളർത്തുവാനും (1 കൊ. 13:4–8), അങ്ങനെ നമുക്ക് നമ്മുടെ സഹോദരന്മാരോടും, അയൽക്കാരോടും, ശത്രുക്കളോട് പോലും ശരിയായി ബന്ധപ്പെടുവാൻ സഹായിക്കുന്നു.

ക്രിസ്ത്യാനികൾ ദൈവത്തോടും (മത്താ. 22:37), സഹ ക്രിസ്ത്യാനികളോടും (യോഹ. 13:34), കൂട്ടുകാരോടും (മത്താ. 22:39), ശത്രുക്കളോടും (മത്താ. 5:44) സ്നേഹം പ്രദർശിപ്പിക്കണം. ക്രിസ്തുവിൽ സഹോദരീസഹോദരങ്ങൾ ആയവരോട് കാണിക്കുന്ന ആഴമേറിയതും നിലനിൽക്കുന്നതുമായ സ്നേഹം ക്രിസ്തുവിന്റെ അനുയായികൾ മറ്റുള്ളവരോട് കാണിക്കണം (യോഹ. 13:35). ഇത്തരം സ്നേഹം പരസ്പരം പ്രകടിപ്പിക്കുന്നതു കാണുമ്പോൾ നാം ദൈവത്തെ സ്തുതിക്കണം.

(2) *അവരുടെ പ്രത്യാശക്കും അവൻ നന്ദിയുള്ളവനായിരുന്നു*. ആത്മാവിന്റെ നങ്കൂരമാണ് പ്രത്യാശ (എബ്രാ. 6:19). കപ്പൽ അപകടത്തിൽ പെടാതെ നങ്കൂരമിട്ട് ഉറപ്പിക്കുന്നതുപോലെ, പ്രത്യാശയാണ്, യേശുവിൽനിന്നും അകന്നുപോകാതിരിക്കുവാൻ നമ്മെ തടയുന്നത്. തങ്ങൾ കേട്ട സന്ദേശത്തിൽനിന്നും അകന്നുപോകാതിരിക്കുന്നതിനായിരുന്നു എബ്രായലേഖകൻ വായനക്കാരെ മുന്നറിയിച്ചത് (എബ്രാ. 2:1–4).

എല്ലാ ക്രിസ്ത്യാനികളുടേയും ഏക പ്രത്യാശയാണ് സ്വർഗം. പുതിയ ജനനമാണ് നമ്മെ സ്വർഗീയ പ്രത്യാശ എന്ന അനുഗ്രഹത്തിലേക്ക് നയിക്കുന്നത് (1 പത്രൊ. 1:3, 4). യേശുവിന്റെ ഉയർത്തെഴുന്നേൽപിനാലും ദൈവത്തിന്റെ മഹാകരുണയാലുമാണ് ദൈവത്തിൽനിന്നും ആ അനുഗ്രഹം നമുക്ക് പ്രാപ്തമാക്കിയത്. നാം യേശുവിന്റെ മരണം, അടക്കം, ഉയിർത്തെഴുന്നേൽപ് എന്നിവയിൽ സ്നാനത്താൽ പങ്കാളികളാകുമ്പോൾ, അവന്റെ ഉയർത്തെഴുന്നേൽപിനാൽ നമുക്ക് രക്ഷ ലഭിക്കുന്നു (1 പത്രൊ. 3:21).

പുനരുത്ഥാനത്തിനുശേഷം എല്ലാവരും ഒരുമിച്ച് സ്വർഗത്തിൽ പോകുമെന്നതാണ് ക്രിസ്ത്യാനികൾക്കുള്ള പ്രത്യാശ. ആ സമയത്ത് നാം രൂപാന്തരപ്പെടും എന്നു വാഗ്ദാനം ചെയ്തിരിക്കുകയാണ് (1 കൊ. 15:51, 52), ക്രിസ്തുവിന്റെ ആത്മിയ രൂപത്തോട് നാം അനുരൂപരാകും (ഫിലി. 3:21; 1 യോഹ. 3:2). ആ പ്രത്യാശ നമ്മുടെ ജീവിതത്തിൽ നിലനിൽക്കുന്ന പ്രകടമായ മാറ്റമുണ്ടാക്കും.

(3) *അവർ ഫലം പുറപ്പെടുവിച്ചുകൊണ്ടിരുന്നതിനും അവൻ നന്ദിയുള്ളവനായിരുന്നു*. മറ്റുള്ളവരെ രക്ഷിക്കപ്പെടുവാൻ സഹായിക്കേണ്ടതിനാണ് ക്രിസ്ത്യാനികൾ രക്ഷിക്കപ്പെട്ടത്. ആത്മാക്കളെ നിത്യജീവങ്കലേക്ക് കൊയ്യു

വാനായി വയലിലേക്ക് നോക്കുവാനാണ് യേശു അപ്പൊസ്തലന്മാരോട് പറഞ്ഞത് (യോഹ. 4:35, 36). കൊയ്ത്ത് വളരെയുണ്ട്, എന്നാൽ വേലക്കാരോ ചുരുക്കം എന്നാണ് കർത്താവ് പറഞ്ഞത് (മത്താ. 9:37).

സഹക്രിസ്ത്യാനികൾ ആത്മിയമായി വളരുകയും മറ്റുള്ളവരെ ക്രിസ്തുവിലേക്ക് കൊണ്ടുവരികയും ചെയ്യുന്നതു കാണുമ്പോൾ നാം സന്തോഷിക്കണം. സഹോദരങ്ങൾക്കിടയിൽ അസൂയ ഉണ്ടാകരുത്. ഒരാൾ ഏതെങ്കിലും വിധത്തിൽ ഉയരുകയാണെങ്കിൽ, എല്ലാവരും ആ ഉയർച്ചയിൽ സന്തോഷിക്കണം (1 കൊ. 12:26).

കൊലൊസ്യ സഭയിൽ ചില പ്രശ്നങ്ങൾ ഉള്ളതായി പൗലൊസിന്റെ ശ്രദ്ധയിൽ പെട്ടു. അവൻ അതിൽ ഊന്നൽ കൊടുക്കാതെ, സഹോദരങ്ങളുടെ വിശ്വാസ ഗുണങ്ങൾക്കും, സ്നേഹത്തിനും, പ്രത്യാശക്കും, ഫലം കായ്ച്ചു കൊണ്ടിരുന്നതിനും അവൻ ദൈവത്തിന് നന്ദി ചെലുത്തുകയായിരുന്നു.

**മറ്റു ക്രിസ്ത്യാനികൾക്കു വേണ്ടി പ്രാർത്ഥിക്കൽ (1:3–6)**

തങ്ങളുടെ പ്രാർത്ഥനയിൽ എന്തെല്ലാം ഉൾപ്പെടുത്തണം, പ്രത്യേകിച്ച് മറ്റുള്ളവർക്കു വേണ്ടി പ്രാർത്ഥിക്കുമ്പോൾ, ചിലപ്പോൾ തീർച്ചയില്ലാതായേക്കാം. രോഗങ്ങളും ആവശ്യങ്ങളുമായിരിക്കും ആദ്യം മനസിലേക്ക് വരുന്നത്. നാം മറ്റുള്ളവർക്ക് വേണ്ടി പ്രാർത്ഥിക്കുന്നതിനുള്ള ഒരു ഉൾക്കാഴ്ച്ച നൽകുന്നതാണ് പൗലൊസിന്റെ പ്രാർത്ഥന.

താൻ അവർക്ക് വേണ്ടി പ്രാർത്ഥിക്കുന്നുണ്ടെന്ന് കൊലൊസ്യർ അറിയുവാൻ പൗലൊസ് ആഗ്രഹിച്ചു (1:3). അവൻ അവരുടെ വ്യക്തിപരമായ ആവശ്യങ്ങൾക്കും, പ്രത്യേകമായ ആത്മിയ ആവശ്യങ്ങൾക്കും, അവർ ദൈവിക ഗുണങ്ങളിൽ വളരുവാനും അവർക്ക് വേണ്ടി പ്രാർത്ഥിച്ചു. എല്ലാ ക്രിസ്ത്യാനികളും അങ്ങനെ പ്രാർത്ഥിക്കണം. ക്രിസ്തുവിലുള്ള ഒരു സഹോദരനോട് ആരെങ്കിലും “ഞാൻ ദൈവത്തോട് പ്രാർത്ഥിക്കുമ്പോൾ, നിങ്ങളുടെ വിശ്വാസത്തിനും സ്നേഹത്തിനും, സ്വർഗത്തിൽ പ്രത്യാശ വെച്ച് നിങ്ങൾ ഫലം കായ്ച്ചുകൊണ്ടിരിക്കുന്നതിനാൽ ദൈവത്തിന്നു സ്തോത്രം ചെയ്യുന്നു” എന്നു പറഞ്ഞാൽ അത് ആ സഹോദരനെ തികച്ചും ആത്മിയമായി ഉത്തേജിപ്പിക്കുക തന്നെ ചെയ്യും.

**പ്രവൃത്തിയിൽ ഉള്ള വിശ്വാസം (1:4)**

യേശു ചോദിച്ചു, “നിങ്ങൾ എന്നെ കർത്താവേ, കർത്താവേ എന്നു വിളിക്കുകയും, ഞാൻ പറയുന്നത് ചെയ്യാതിരിക്കുകയും ചെയ്യുന്നത് എന്ത്?” (ലൂക്കൊ. 6:46). അവനെ കർത്താവായി അംഗീകരിച്ചാൽ മാത്രം പോരാ. താൻ ആശ്രയിക്കുന്ന വ്യക്തിയുടെ ഇഷ്ടത്തിലേക്ക് നയിക്കുന്നതായിരിക്കും അയാളുടെ വിശ്വാസത്താലുള്ള പ്രതികരണം.

(1) *പ്രവൃത്തിക്ക് പ്രചോദനമാകുന്നത് വിശ്വാസമാണ്.* വിശ്വാസ സ്വഭാവത്തെ പ്രചോദിപ്പിക്കുന്ന അസംഖ്യം ഉദാഹരണങ്ങളാണ് എബ്രായർ 11–ൽ കൊടുത്തിരിക്കുന്നത്: ഹാബേൽ സ്വീകാര്യമായ വഴിപാട് അർപ്പിച്ചു (വാ. 4); നോഹ പെട്ടകം പണിതു (വാ. 7); ദൈവം വാഗ്ദാനം ചെയ്ത ദേശത്തേക്ക് അബ്രഹാം തന്റെ പിതൃദേശം വിട്ട് പോയി (വാ. 8); യിസ്രായേൽ ജനം യെരിഹോവിനു ചുറ്റും പ്രദക്ഷിണം ചെയ്തു (വാ. 30); രാഹാബ് യിസ്രായേലിലെ ഒറ്റുകാരെ സംരക്ഷിച്ചു (വാ. 31). അബ്രഹാമിന്റെ പ്രവൃത്തികളാണ് അവന്റെ

"വിശ്വാസം പൂർത്തിയാക്കിയത്" (യാക്കൊ. 2:22). അവൻ പ്രവർത്തിക്കുന്നതുവരെ അവന്റെ വിശ്വാസം "പൂർണ്ണമായിരുന്നില്ല." ദൈവേഷ്ടം ചെയ്യുവാൻ നമ്മെ പ്രചോദിപ്പിക്കുന്ന ശക്തിയാണ് വിശ്വാസം.

(2) *ജീവനുള്ള വിശ്വാസത്തിന്റെ അടയാളമാണ് പ്രവൃത്തികൾ.* പ്രവൃത്തികൾ കൂടാതെയുള്ള വിശ്വാസം നിർജീവവും നിഷ്ഫലവുമാണെന്നാണ് യാക്കൊബ് പറഞ്ഞത് (യാക്കൊ. 2:17, 20, 24, 26). ഒരു പട്ടി ചത്താലും പട്ടി തന്നെയാണ്; പക്ഷെ അത് പ്രവർത്തിക്കുകയില്ല. അത് വിശ്വാസത്തെ സംബന്ധിച്ചും സത്യമാണ്. വിശ്വാസം ജീവിക്കുന്നതും പ്രയോജനകരവുമാകുന്നത് പ്രവർത്തിക്കുമ്പോഴാണ്.

(3) *ദൈവസന്ദേശത്തോടുള്ള ശരിയായ പ്രതികരണമാണ് പ്രവർത്തികൾ.* പരിശുദ്ധാത്മാവ് നേരിട്ടോ, അല്ലെങ്കിൽ ദൈവം വൈകാരികമായോ, മർമ്മമായോ വ്യക്തികളുടെ ഉള്ളിലേക്ക് വിശ്വാസം വരുത്തുന്നില്ല. ദൈവസന്ദേശത്തോട് ശരിയായി പ്രതികരിക്കുന്നതു മൂലമാണ് വിശ്വാസം വരുന്നത് എന്നാണ് ബൈബിൾ പറയുന്നത്. "അങ്ങനെ വിശ്വാസം കേൾവിയാലും, കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു" (റോമ. 10:17). ദൈവത്തിന്റെ ദാനമായ വചനം മുഖാന്തരമാണ് ശരിയായ വിശ്വാസം ജനിക്കുന്നത്. ആളുകൾ വായിച്ച് നിത്യജീവൻ പ്രാപിക്കേണ്ടതിനാണ് യേശു ചെയ്ത അത്ഭുതങ്ങളെല്ലാം എഴുതിയിരിക്കുന്നത് (യോഹ. 20:30, 31). സുവിശേഷം പ്രസംഗിക്കുന്നത് കേട്ട് ശമര്യക്കാരും കൊരിന്ത്യരും വിശ്വസിച്ചു (പ്രവൃ. 8:5, 12; 18:8). അത് തന്നെയാണ് എഫെസൊസിലുള്ളവരും വിശ്വസിച്ചപ്പോൾ സംഭവിച്ചത്, "സുവിശേഷ വചനം അവർ കേൾക്കുകയും വിശ്വസിക്കുകയും ചെയ്തു" (എഫെ. 1:13).

**മറ്റുള്ളവരെ ഉപദേശിക്കൽ (1:6)**

കൊലൊസ്യയിലുള്ളവർ സത്യം കേട്ടതുമുതൽ അത് മറ്റുള്ളവരെ ഉപദേശിക്കുവാൻ തുടങ്ങി. പുതിയ പരിവർത്തകരെ, പഠിപ്പിക്കയും പരിശീലിപ്പിക്കുകയും ചെയ്ത് അവരുടെ സ്നേഹിതരെ ഉപദേശിക്കുവാൻ പ്രോൽസാഹിപ്പിക്കണം.

പൗലൊസ് തിമൊഥെയൊസിന് എഴുതി, "നീ പല സാക്ഷികളുടെ മുൻപാകെ എന്നോട് കേട്ടതെല്ലാം മറ്റുള്ളവരെ ഉപദേശിപ്പാൻ സമർത്ഥരായ വിശ്വസ്ത മനുഷ്യരെ ഭരമേൽപ്പിക്ക" (2 തിമൊ. 2:2). ഒരു സമയം കഴിയുമ്പോൾ, വിശ്വസ്തരായ ക്രിസ്ത്യാനികൾ യേശുവിന്റെ ഉപദേശ പരിജ്ഞാനത്തിൽ വളർന്ന് ദൈവവചനം ഫലപ്രദമായി ഉപദേശിക്കുവാൻ സാമർത്ഥ്യമുള്ളവരാകണം.

പഠിപ്പിക്കുവാൻ കഴിവുള്ളവർ അവരുടെ കഴിവുകൾ ഉപദേശിക്കുവാൻ വളർത്തിയെടുക്കണമെന്ന് ദൈവം പ്രതീക്ഷിക്കുന്നു. സഹോദരന്മാരെ ഉറപ്പിക്കുവാൻ സഭക്ക് ശക്തരായ ഉപദേഷ്ടാക്കന്മാരാവശ്യമാണ് (എഫെ. 4:11, 12), യേശുക്രിസ്തു മൂലമുള്ള രക്ഷ ലോകത്തിന് ലഭിക്കുവാൻ സുവിശേഷകന്മാർ ആവശ്യമാണ് (റോമ. 10:14, 15). ഉപദേശിക്കുവാൻ സമർത്ഥരും വിശ്വസ്തരുമായ ആളുകളെ തുടർച്ചയായി നമുക്ക് സത്യം പഠിപ്പിച്ചുകൊണ്ടിരിക്കാം.

കുറിപ്പുകൾ

[1]റോമ. 1:8; 1 കൊ. 1:4; എഫെ. 1:16, 17; ഫിലി. 1:3; കൊലൊ. 1:3; 1 തെസ്സ. 1:2; 2 തെസ്സ. 1:3; 2 തിമൊ. 1:3; ഫിലെ. 4. [2]റോമ. 1:10; 10:1; 2 കൊ. 13:7, 9; എഫെ. 1:16; ഫിലി. 1:4, 9; ഫിലെ. 4; 1 തെസ്സ. 1:2; 2 തെസ്സ. 1:11; 2 തിമൊ. 1:3 നോക്കുക. [3]റോബർട്ട് ജി. ബ്രാച്ചർ ആന്റ് യൂജിൻ എ. നിഡ, *എ ട്രാൻസ്ലേറ്റേഴ്സ് ഹാൻബുക്ക് ഓൺ പേ ാൾസ് ലെറ്റേഴ്സ് റ്റു ദ കൊലൊഷ്യൻസ് ആന്റ് റ്റു ഫിലെമൊൻ,* ഹെൽപ്സ് ഫോർ ട്രാൻസസ്ലേറ്റേഴ്സ് (ന്യൂയോർക്ക്: യുണൈറ്റഡ് ബൈബിൾ സൊസൈറ്റീസ്, 1977), 8. [4]റോമ. 5:2–5; 1 കൊ. 13:13; ഗലാ. 5:5, 6; എഫെ. 4:2–5; 1 തെസ്സ 1:3; 5:8; എബ്രാ. 6:10–12; 10:22–24; 1 പത്രൊസ് 1:3–8, 21 നോക്കുക. ഈ വന്ദനത്തിൽ പൗലൊസ് ഉപയോഗിച്ച മറ്റ് വാക്കുകൾ ആണ് "സുവിശേഷം," "സത്യവും" "കൃപയും" (കൊലൊ. 1:5, 6). [5]ജെ. ബി. ലൈറ്റ്ഫുട്ട്, *സെന്റ്. പോൾസ് എപ്പിസ്റ്റൽസ് റ്റു ദ കൊലൊഷ്യൻസ് ആന്റ് ഫിലെമൊൻ*, റവ. (ലണ്ടൻ: മാക്ക്മില്ലൻ ആന്റ് കമ്പനി., 1916), 130. [6]ഹെർബെർട്ട് എം. കഴ്സൺ, *ദ എപ്പിസ്റ്റൽസ് ഓഫ് പോൾ റ്റു ദ കൊലൊഷ്യൻസ് ആന്റ് ഫിലെമൊൻ: ആന്റ് ഇൻട്രൊഡക്ഷൻ ആന്റ് കമന്ററി,* ദ ടിൻഡേൽ ന്യൂ ടെസ്റ്റമെന്റ് കമന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. എഡ്മാൻസ് പബ്ലിഷിങ്. കമ്പനി., 1960), 30. [7]ലൈറ്റ്ഫുട്ട്, 131. [8]ഇ. കെ. സിംസൺ ആന്റ് എഫ്. എഫ്. ബ്രൂസ്സ്, *കമന്ററി ഓൺ ദ എപ്പിസ്റ്റൽസ് റ്റു ദ എഫെഷ്യൻസ് ആന്റ് ദ കൊലൊഷ്യൻസ്,* ദ ന്യൂ ഇന്റർനാ ഷണൽ കമന്ററി ഓൺ ദ ന്യൂടെസ്റ്റമെന്റ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി എഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1957), 180. [9]എ. റ്റി. റോബർട്ട്സൺ, *എ ഗ്രാമർ ഓഫ് ദ ഗ്രീക്ക് ന്യൂടെസ്റ്റമെന്റ് ഇൻ ദ ലൈറ്റ് ഓഫ് ഹിസ്റ്റോറിക്കൽ റിസർച്ച്* (നാഷ്വിലെ: ബ്രോഡ്മാൻ പ്രസ്, 1934), 27. 10ആർ. സി. ലൂക്കാസ്, ദ മെസേജ് ഓഫ് കൊലൊഷ്യൻസ് ആന്റ് ഫിലെമോൻ: ഫുൾനസ്സ് ആന്റ് ഫ്രീഡം, ദ ബൈബിൾ സ്പീക്ക് റ്റുഡേ (ഡൗണേഴ്സ് ഗ്രോ, Ill.: ഇന്റർവാഴ്സിറ്റി പ്രസ്, 1980), 29.

[11]ലൈറ്റഫുട്ട്, 133. [12]പ്രവൃ. 2:41; 4:4; 6:7; 8:14; 11:1; 12:24; 17:11; 19:20. [13]കാർസൺ, 33. [14]*ദ ഗ്രീക്ക് ന്യൂ ടെസ്റ്റമെന്റ്* 4ത് റവ. എഡി., എഡി. ബാർബറ അലാന്റ്, ജോഹെനസ് കരാ വിഡോപൗലൊസ്, കാർലോ എം. മാർട്ടിൻ, ആന്റ് ബ്രൂസ്സ് എം. മെറ്റ്സ്ജെർ (സ്റ്റട്ട്ഗാർട്ട്: യുണൈറ്റഡ് ബൈബിൾ സൊസൈറ്റീസ്, 1998). [15]ദ എൻ എ എസ്സ്ബി കൊലൊസ്യർ 2:5 തർജ്ജിമ ചെയ്തിരിക്കുന്നത് "ആത്മാവിൽ" എന്നാണ് എന്നാൽ കെജെവിയിൽ "ഇൻ ദ സ്പിരിറ്റ്" എന്നാണ്. [16]വില്യം ഹെൻഡ്രിക്സൺ, *എക്സ്പൊസിഷൻ ഓഫ് കൊലൊഷ്യൻസ് ആന്റ് ഫിലെമൊൻ,* ന്യൂ ടെസ്റ്റമെന്റ് കമന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1964), 54. [17]അലക്സാണ്ടർ കാമ്പെൽ, ജോർജ്ജ് കാമ്പൽ, ജെയിംസ് മാക്നൈറ്റ്, ആന്റ് ഫിലിപ്പ് ഡോഡ്റിച്ച്, *ദ സേക്രെഡ് റൈറ്റിങ്സ് ഓഫ് ദ അപ്പൊസ്തൽസ് ആന്റ് ഇവാഞ്ചലിസ് ഓഫ് ജീസസ് ക്രൈസ്റ്റ്: കോമൺലി സ്റ്റൈൽഡ് ദ ന്യൂ ടെസ്റ്റമെന്റ്* (ബഭല്ലോ, വാ.: എ കാമ്പൽ, 1826; റീപ്രിന്റ്, നാഷിലേ: ഗോസ്പൽ അഡ്വകേറ്റ് കമ്പനി., 1974), 359; ആന്റ് ജെ. ബി. റോതെരാം, *ദ എംഫ സൈസ് ന്യൂ ടെസ്റ്റമെന്റ്: എ ന്യൂ ട്രാൻസ്ലേഷൻ ഇൻ ദ വേർഡ്. ദ ബൈബിൾ ഫ്രം 26 ട്രാൻസലേഷൻസ്,* എഡി. കർട്ടിസ് വാഗൻ (ഗൾഫ് പോർട്ട്, മിസ്സ്.: മാതിസ് പബ്ലിഷേസ്, 1991), 2394. [18]ഹൂ ജെ. സ്കോൺ ഫീൾഡ്, *ദ ആതന്റിക് ന്യൂ ടെസ്റ്റമെന്റ്* (ന്യൂയോർക്ക്: ന്യൂ അമേരിക്കൻ ലൈബ്രറി ഓഫ് വേൾഡ് ലിറ്ററേച്ചർ, 1954), 331.